## അരണി*

ചുറ്റുകയല്ലോ നിന്നനിൽപ്പിൽ ഞാൻ വർഷങ്ങളായ്,
ചുട്ടുപൊള്ളുകയല്ലോ തലയും കാൽവെള്ളയും.
കളിത്താമര താഴെ വെച്ച തൃക്കൈകൊണ്ടെന്നെ–
ക്കടയാൻ തുടങ്ങിയിട്ടെത്രകാലമായ് താങ്കൾ?
അക്കരം ചിരട്ടയ്ക്കുമുകളിലമർന്നിട്ടെ–
ന്തിത്ര താമസമൊറ്റത്തീപ്പൊരിയുണ്ടായ്ത്തീരാൻ?
പകൽ മഞ്ഞളിക്കുന്നൂ കൺകളിൽ; വെച്ചിട്ടില്ലേ
ചകിരിത്തൂപ്പെൻ കാലിന്നടിയിൽ ഭവാ, നാവോ!

ഊഊഊ

ആളുകൾക്കിന്നഷ്ടമീരോഹിണി; കുളിക്കാനു–
മാവാതെ സ്വധർമ്മത്തിൽ നിന്നു ഞാൻ കറങ്ങുന്നു.
കരയാനാശിക്കുന്നുണ്ടെങ്കിലും, കണ്ണീർ തൂകാൻ
കഴിയുന്നില്ലാ മരക്കഷ്ണമാകയാലല്ലാ;
അമ്പിനിൽപ്പല്ലോ ചിരട്ടയ്ക്കുമേൽ, കടിഞ്ഞാൺ വി–
ട്ടമ്പെടുത്തൊരു തൃക്കൈത്തഴമ്പെന്നറിവേൻ ഞാൻ.

## നാമം

കളിയാടുകെൻ ജിഹ്വാചാപലങ്ങളിൽത്താങ്കൾ
കാളിയദർപ്പങ്ങളിലെന്നപോലവിശ്രാന്തം.
കനത്ത ധർമ്മക്കുരിശൊറ്റയ്ക്കു ചുമക്കുവാൻ
കരുത്താർജ്ജിച്ചെൻ മുതുകെല്ലൊന്നു നിവർന്നോട്ടേ!
വിടരും സഹസ്രപത്രാശ്ചര്യമപ്പോളെന്റെ–
യധരോഷ്ഠത്തിൽ, ദിവ്യകേസരസൗരഭ്യത്തിൽ
അഭിരാമയാമുഷസ്സുണരും, സംഗീതംകൊ–
ണ്ടവളാകാശത്തിന്റെ കാതുകൾ മതിർപ്പിക്കും!

ഊഊഊ

വർത്തമാനത്തിൻ ചുണ്ടിൽപ്പുഞ്ചിരി: പക്ഷേ, ഭാവി–
ഗർഭാശയത്തിൽ കാതുകൂർപ്പിച്ചു കണ്ണുംപൂട്ടി
ഇരിപ്പൂ മടക്കിയകാൽക്കൂട്ടിൽത്തിരുകിയ
ശിരസ്സി, ബ്രഹ്മാണ്ഡകേന്ദ്രത്തിലെ രസജ്ഞാനം.
അവനോതുന്നൂ മൗനി, ''കുരിശേന്തിടും സ്നേഹ–
മങ്ങതൻ നാവിൽത്തത്തുമാനന്ദാമൃതം തന്നെ.''

## ഗീതാസാരം*

ചൈതന്യദേവൻ ദക്ഷിണേന്ത്യയിൽ തീർത്ഥാടനം–
ചെയ്തുകൊണ്ടിരിക്കുമ്പോളൊരു വിസ്മയം കണ്ടൂ:
ഒരുവൻ വായിക്കുന്നൂ ഗീത; തൊട്ടടുത്തു മ–

റ്റൊരുവൻ ചെവികൂർപ്പിച്ചിരിപ്പൂ കണ്ണീരോടേ.
''മനസ്സിലാവുന്നുണ്ടോ താങ്കൾക്കു ഗീതാസാരം
മുഴുക്കെ? ചോദിച്ചുപോയ് പെട്ടെന്നു തീർത്ഥാന്വേഷി.
പറഞ്ഞൂ ശ്രോതാവതിന്നുത്തരം: ''ഇല്ലങ്ങുന്നേ,
ഒരൊറ്റപ്പദംപോലും മനസ്സിലായിട്ടില്ല!''

ഊഊഊ

എങ്കിലിക്കണ്ണീരിന്നു കാരണമെന്തെന്നുള്ളൊ–
രങ്കലാപ്പൊടുകൂടി ചൈതന്യദേവൻ നിൽക്കെ
കണ്ണീരിൽ കുളിച്ചുകൊണ്ടിരിക്കും ശ്രോതാവോതീ:
''കണ്ണുകൊണ്ടിതാ, കാണുന്നുണ്ടു ഞാൻ തേരെൻ മുന്നിൽ.
തേർത്തട്ടിൽ നിൽക്കും കൃഷ്ണനരുളിച്ചെയ്തീടുന്നൂ
പാർത്ഥനൊടെന്തോ: കണ്ണീരെൻ കണ്ണിൽ തുളുമ്പുന്നു!''

# ചിത്രഗുപ്തൻ

ആരിതു,യുധിഷ്ഠിരനല്ലയോ? ഭവാനെപ്പോ–
ലാരുമീപ്പാരത്രികം പൂകിയിട്ടില്ലിന്നോളം.
അവസാനിപ്പീലെത്രയേടുകൾ മറിച്ചിട്ടു–
മവിടുന്നുപാർജ്ജിച്ച പുണ്യം: കൈ കടയുന്നു.
കടക്കാം സ്വർഗ്ഗത്തിലേക്കാദ്യമേ; പാപത്തിന്റെ
കണക്കോ കേൾക്കേണ്ടതു? നിസ്സാരം മൂന്നേമുക്കാൽ
നാഴികമാത്രം: സ്വർഗ്ഗജീവിതം സമാപിക്കും–
നാളിലല്ലല്ലീ ഗൗനിച്ചീടേണ്ടു നാമക്കാര്യം?

ഊഊഊ

ശരി; നിർബ്ബന്ധം തന്നെയാണെങ്കിൽ തുറന്നേക്കാം
നരകത്തിലേക്കുള്ള വാതിൽ ഞാനാദ്യം; പക്ഷേ:
കേവലം മൂന്നേമുക്കാൽ നാഴികമാത്രം സ്വർഗ്ഗ–
ജീവിതമുപാർജ്ജിച്ച ദുര്യോധനന്നും കൂടി
അതാദ്യം വേണം പോലും! അശ്രുവിൽ കത്തും മന്ദ–
സ്മിതം മാത്രമോ താവകോത്തരം മഹാത്മാവേ?

# മാരിയമ്മക്കോമരം

തീവില വാങ്ങി പ്ലാസ്റ്റിക്ക് പൂവുകൾ വിൽക്കും നവ്യ–
ജീവിതത്തെരുവിലൂടെൻ വിനീതാഹങ്കാരം

തലയിൽ ജഠരാഗ്നിച്ചട്ടിയും തളർകാലിൽ–
ച്ചിലങ്കപ്പൊട്ടിക്കരച്ചിലുമായ്ച്ചരിക്കുമ്പോൾ

ശാലീനനിത്യസ്നേഹസൗരഭം പൊഴിച്ചെന്റെ
ബാലകൗതുകത്തിന്റെ കിളിവാതിലിലൂടെ

തിരുവാതിരനിലാവിന്റെ ചുണ്ടിൽനിന്നൂറി–
പ്പരക്കുമാകാശത്തിൻ സാത്വികപ്രണയമായ്

വന്നെത്തുന്നൊരു* 'കാട്ടുപൂവിലെ' ദ്യുതി തട്ടി
ക്കണ്ണുനീർ തൂകാറുണ്ടെൻ സത്യസന്ധതയിന്നും.

ഉടനെ സ്റ്റെതസ്ക്കോപ്പിലഹംഭാവത്തിൻ പച്ച–
ക്കുതിരക്കുളമ്പടി, ഉടനെസ്സനാതന–

ചക്രവാളത്തിൻ നേരിട്ടഹന്താപാർശ്വത്തിൽനി–
ന്നുൽക്രമിക്കുന്നൂ ചിറകടി; അച്ചോരക്കൊമ്പിൽ

കാലനീലിമ തുളഞ്ഞിറങ്ങിക്കറങ്ങുമ്പോൾ,
ഗോളകോടിതൻചൂളംവിളികൾ നുറുങ്ങുമ്പോൾ,

ഒരു ഭൂചലനത്താൽ തകർന്നൂ സൗധം: ദൂരെ–
ച്ചിരി; ദൈവത്തെപ്പുല്കി നിൽപ്പു ഞാൻ സായുജ്യത്തിൽ!

യുക്തികൊണ്ടളന്നളന്നൊടുവിൽ ചെന്നെത്തുന്നു
ഭക്തിയിൽ: സുഖത്തിൽനിന്നായിരം ചെന്താമര–

പ്പൂവിതളടർത്തിയിട്ടീമ്പുന്നു ദുഃഖം; തേടി–
പ്പോവുന്നു പിന്നീടെന്നെത്തന്നെ ഞാനെങ്ങും പാഴിൽ.

നേരമാർക്കുള്ളു കൃതജ്ഞത ചൊല്ലുവാൻ? ചാട്ട–
വാറുകൊണ്ടെന്നെത്തന്നെ പിടയ്ക്കും ശബ്ദം കേൾക്കേ,

അമ്പരന്നുപോം ലോകം നല്കിടും വഴിപാടാ–
ലല്ലയോ ചട്ടിക്കുള്ളിലാളും തീ ശമിക്കേണ്ടൂ!

# സായൂജ്യം

എന്റെ നോൺഗസറ്റഡ്സ്റ്റ് വിയർപ്പിൻ പൊടിയിൽനി–
ന്നെങ്ങനെ പൊന്തീ മെല്ലെമെല്ലെയീക്കൂറ്റൻ സൗധം?

ഉടനെ സ്റ്റെതസ്ക്കോപ്പിലഹംഭാവത്തിൻ പച്ച–
ക്കുതിരക്കുളമ്പടി, ഉടനെസ്സനാതന–

ചക്രവാളത്തിൻ നേരിട്ടഹന്താപർശ്വത്തിൽനി–
ന്നുൽക്രമിക്കുന്നൂ ചിറകടി; അച്ചോരക്കൊമ്പിൽ

കാലനീലിമ തുളഞ്ഞിറങ്ങിക്കറങ്ങുമ്പോൾ,
ഗോളകോടിതൻചൂളംവിളികൾ നുറുങ്ങുമ്പോൾ,

ഒരു ഭൂചലനത്താൽ തകർന്നൂ സൗധം: ദൂരെ–
ച്ചിരി; ദൈവത്തെപ്പുല്കി നിൽപ്പു ഞാൻ സായുജ്യത്തിൽ!

യുക്തികൊണ്ടളന്നളന്നൊടുവിൽ ചെന്നെത്തുന്നു
ഭക്തിയിൽ: സുഖത്തിൽനിന്നായിരം ചെന്താമര–

പ്പൂവിതളടർത്തിയിട്ടീമ്പുന്നു ദുഃഖം; തേടി–
പ്പോവുന്നു പിന്നീടെന്നെത്തന്നെ ഞാനെങ്ങും പാഴിൽ.

# ചന്ദ്രഗോളത്തിൽ വെച്ച്

പ്രാണവായുവും വെള്ളവുമന്നവും
ഞാനുടക്കിയിരിക്കുന്നു ദേഹത്തിൽ.

വന്നു ഞാനെന്റെ യുക്തിതൻ കൈകൊണ്ടു–
തന്നെ നിർമ്മിച്ച ഗർഭപാത്രത്തോടെ.

വന്നിറങ്ങിയിരിക്കുന്നു ഞാനിതാ
നിന്നുരസ്സിൽ: എൻ കാൽച്ചവിട്ടേൽക്കവേ

ഒന്നു കോൾമയിർക്കൊണ്ടില്ലയോ വന്ധ്യ
നിന്നടിവയറെന്നെന്റെ സംശയം;

ആശ മാത്രമായ് ത്രേതായുഗത്തിലെ–
ശ്ശൈശവത്തിൻകരളിൽ കിളർന്ന ഞാൻ

ചായുറങ്ങീ മുകുരത്തിലെ പ്രതി–
ച്ഛായ നീയെന്നു തുഷ്ടിയാർന്നെങ്കിലും,

ഇന്നിതാ വീണ്ടും വാശിതൻ വായ്ത്തല–
കൊണ്ടു നിന്റെ കഠിനമാം പേശികൾ

ചൂഴ്ന്നെടുത്തു ഞാൻ കൊണ്ടുപോയീടുന്നു
വേട്ടയാടിയ മാനിൻ ജഡംപോലെ,

അമ്മ തന്ന പൊതിച്ചോറു ബാക്കിയു
ണ്ടൽപ്പ,മീ പ്രാണവായു മുഴുവനും

തീർന്നിടുംമുമ്പു ചെന്നാ മടിത്തട്ടിൽ
ചേർന്നിടേണമെന്നിപ്പൊഴെന്നസ്വാസ്ഥ്യം.

ഃഃഃഃ

പോകിലെന്താണി,നിയും വരും ഭവൽ–
സ്ഥാവരോത്സംഗകേളിക്കുവേണ്ടി ഞാൻ.

അന്നു നിൻ മടിത്തട്ടിൽപ്പണിയും ഞാ–
നുന്നതമാം പരിഷ്കാരഗോപുരം.

നിൻ കഠിനഹൃദയത്തിൽനിന്നു ഞാ–
നെന്റെ യുക്തിതൻ പിഞ്ചുവിരൽത്തുമ്പാൽ

അന്നു ഞെക്കിക്കറന്നെടുക്കും ജല–
മന്നവും പ്രാണവായുവും പ്രാണനും.

എന്റെയായ്ത്തീരുമന്നു നീ, ഞാനന്നു
നിന്റെയും, സല്ലപിക്കുമെൻ കുട്ടികൾ,

''വന്നു ഭൂമിയിൽ നിന്നു നാം ചന്ദ്രനി–
ലെന്നൊരൈതിഹ്യമു,ണ്ടതു സത്യമോ?

ചന്ദ്രവാസികളങ്ങോട്ടു ചെന്നതാ–
ണെന്നു ചിന്തിപ്പതല്ലയോ സംഗതം?''

ഃഃഃഃ

ഞാനിതോതുമ്പോളെന്റെ സായൻസിക–
ജ്ഞാനമെന്തിന്നിറുക്കുന്നു മാജിക്കെ?

ഏതു ശക്തിതൻ ദൃശ്യപ്രകാശമി–
ച്ചേതനാചേതനാത്ഭുത ബ്രഹ്മാണ്ഡം,

ഞാനതിന്റെ മഹാപ്രതീകം, മമ–
ജ്ഞാനഭക്തികർമ്മങ്ങൾ തന്നിച്ഛയും.

ഃഃഃഃ

നേരമായി, വയർലസ്സു ചൊല്ലുന്നൂ;
പാരിലേക്കു തിരിച്ചു ചെല്ലട്ടെ ഞാൻ.

# കുരുവിക്കുടുംബം

ഇന്നലത്തെ പ്രയത്നത്തിൻ തളർച്ചക-
ളിന്നലാറത്തിൻ കരച്ചിലിൽ ഞെട്ടവേ,

കണ്ണിലിമകൾ പുതച്ചു മയങ്ങുന്ന
കർത്തവ്യബോധം പിടഞ്ഞെഴുന്നേൽക്കവേ

അജ്ഞാതനാമാക്കൾ രണ്ടു കുരുവിക-
ളാനന്ദസാരം പൊഴിപ്പൂ ചെവികളിൽ.

കണ്ണിലെക്കൗതുകം പെട്ടെന്നുഷസ്സിന്റെ
മുന്നിൽക്കവാടം തുറന്നിട്ടു നിൽക്കവേ

കൈയിലെക്കാലിലെസ്സന്ധിബന്ധങ്ങളിൽ-
ക്കല്ലിച്ച ദുഃഖം പറന്നുപോയ് ദൂരവേ

അള്ളിപ്പിടിച്ചുകൊണ്ടെൻ ചുമർക്കണ്ണാടി
വള്ളിൽനിന്നുള്ളോട്ടു കൊക്കു കുനിച്ചിതാ

കുത്തിയിരിപ്പൂ കുരുവികൾ; നിങ്ങളെ-
ന്തെത്തിനോക്കുന്നൂ? പ്രതിച്ഛായ കാൺകയോ?

കൊത്തുമ്പൊഴാ സ്ഫടികത്തിൽനിന്നിങ്ങോട്ടു
കൊത്തുന്നതാരെന്ന വിസ്മയമല്ലയോ

കാതിൽപ്പൊഴിക്കുമമൃതുകൾ, നിങ്ങളെൻ
കണ്ണിൽപ്പുരട്ടുന്ന കർപ്പൂരസൗഖ്യവും?

നിങ്ങളെ സ്നേഹിച്ചലിയും മുഹൂർത്തത്തി-
ലെൻ കാതിൽ വീഴുന്നു പിന്നിൽനിന്നീ സ്വരം:

''നേരമായില്ലേ കുളിക്കുവാൻ?'' എൻ കർമ്മ-
ഭാരം പകുക്കുമിണക്കിളിതൻ സ്വരം!

ഃഃഃഃ

കാക്കപോലൊന്നു കുളിച്ചു ചപ്പാത്തിയോ
കഞ്ഞിയോ ലേശം കഴിച്ചെഴുന്നേൽക്കവേ

മേശവിരിയാണു കാണുന്നതെങ്കിലാ
മേശവിരിതാനുടുത്തു, കിതപ്പുമായ്

ഓടുന്ന ബസ്സിൽ പിടിച്ചുതൂങ്ങീ, സ്വയം
പാടുവേൻ കേൾപ്പീലൊരുത്തരുമെങ്കിലും:

'ഒന്നും വിതയ്ക്കേണ്ട, കൊയ്യേണ്ട ഭൂമിയി'-
ലെന്നോതുമാത്മസൗന്ദര്യപ്രബുദ്ധരേ,

നിങ്ങൾതൻ മുന്നിൽ കുനിക്കയല്ലോ മൗലീ
ഞങ്ങളവിശ്രാന്തയുക്തിതൻ ബന്ദികൾ!

ഃഃഃഃ

ആപ്പീസ്സിൽനിന്നു തിരികെ ഗൃഹത്തിലേ-
യ്ക്കാടുന്ന പെൻഡുലംപോലെ ഞാനെത്തവേ,

കൈവിരൽ മേല്പോട്ടു ചൂണ്ടിയി,ട്ടിക്കാഴ്ച
കണ്ടുവോ?' ചോദിക്കയാണെന്നിണക്കിളി.

കണ്ടേൻ തുലാങ്ങൾക്കിടയിൽ വളയത്തി–
ലുണ്ടൊരു പുൽക്കൂട,തിൻ കവാടത്തിലോ

കൊക്കിൽ തിരുകിയ കൊക്കുമായ് മേവുന്ന
പക്ഷിമിഥുനമേ, നിങ്ങൾതൻ കൺകളും!

# ആശാരിക്കോപ്പൻ

വാഴമ്പോള കരിഞ്ഞെണ്ണച്ചുടുമണം പരക്കുന്നു
വാഴേങ്കടയുത്സവത്തിൻ കളിയരങ്ങിൽ.

ഉറക്കത്താൽക്കനത്ത കൺപോളകൾ പിടിച്ചകറ്റി–
യിരിക്കയാണുണ്ണി കളിവിളക്കിൻ പിന്നിൽ.

ബകധ്യാനം നടത്തുമശ്ശിശുവിന്റെ മിഴികളിൽ
ബകവധം നടക്കുമ്പോളവൻ നടുങ്ങി:

മുറുക്കിത്തുപ്പുവാനെന്തീയാശാരിക്കോപ്പനിന്നെന്റെ
മുഖത്തേയ്ക്കെന്നവൻ തേങ്ങിക്കരഞ്ഞുംപോയി!

# കാട്ടെലികൾ

കേവലം പട്ടണത്തിലല്ലിന്നെന്റെ
ജീവിത,മൊരുകൂറ്റൻനഗരത്തിൽ!

ഒന്നുമാത്രം; വെളിച്ചം കെടുത്തിയാൽ
പിന്നെ വീട്ടിലുറങ്ങുവാനാവില്ല!

നാട്ടിലല്ലീ കുടുബം? ഈ വാടക–
വീട്ടിലേകാകി ഞാൻ മാത്രമല്ലയോ?

കാട്ടെലികൾതൻ വേട്ടയാണന്തിക്കീ
വീട്ടിനുള്ളിൽ സകലമുറിയിലും!

കട്ടിലിന്റെ മേൽക്കട്ടിയെടുത്തു ഞാൻ
കൊട്ടി വാതിൽപ്പൊളിയിൽ, കസേലയിൽ,

മേശയി,ലലമാരിയിൽ, കാട്ടെലി–
മീശയിൽപ്പോലുമായിരം പ്രാവശ്യം.

ഒക്കെ നിഷ്ഫലം; കാട്ടെലികൂടിയും
ധിക്കരിക്കയാണിന്നെൻ കനിവിനെ;

‘എന്തു കാര്യം തനിക്കിപ്പുരയി?’ലെ–
ന്നെന്നെ നോക്കുന്നു നിഷ്പന്ദദൃക്കുകൾ!

ഈ മുറിയിൽനിന്നാട്ടിയോടിക്കുകി–
ലാ മുറിയിലായ് ചാട്ടവുമോട്ടവും

തമ്മിലെന്തോ ചിലയ്ക്കലും പാത്രങ്ങൾ
തട്ടിവീഴ്ത്തി കലമ്പലുണ്ടാക്കലും.

തല്ലുവാനെനിക്കാവില്ലിവറ്റയെ–
ക്കൊല്ലുവാൻ തന്നെ ശക്തിയുണ്ടെങ്കിലും

തല്ലിടുമ്പോൾ തെറിക്കുകയില്ലയോ
തെല്ലു ചെന്നിണമെന്റെ ദേഹത്തിലും?
എന്തുതാനെനിക്കുള്ളൂ കരണീയ–
മെന്ന ചിന്തയിൽ സൂര്യനുദിക്കുന്നു!

## കൗമാരസംയമം

പുറ്റിനുള്ളിൽ മഹർഷിപോലെയി–
രുന്നു നിൻ സഹവാസമെൻ
ചുറ്റുപാടിനു സൗരഭോജ്ജ്വല–
കാന്തിചാർത്തിയ നാളിൽ ഞാൻ:

തൊട്ടുവോ പനിനീരിതൾത്തല–
കൊണ്ടിടയ്ക്കിടെയെന്നെ നീ,
പട്ടുപോലെ നനുത്ത കോൾമയി–
രെന്നെ മൂടിയിരുന്നുവോ?

എന്റെ മേശവിരിപ്പുറത്തു പി–
ണഞ്ഞ നിന്റെ കരങ്ങളിൽ
കങ്കണങ്ങളിടയ്ക്കിടയ്ക്കു ചി–
രിച്ചുതുള്ളുകകാരണം

എന്റെ കാതമൃതുണ്ടുഞെട്ടി; ഞൊ–
ടിക്കകം ഞെരിയാണിയിൽ
ക്കണ്ടു നിൻ മറുകൊ,ന്നതിൽത്തഴു–
കാൻ കൊതിച്ചു കിതച്ചു ഞാൻ

നിന്റെ പാൽപ്പതപോലുലർന്നു–
വിളങ്ങിടും പുടവയ്ക്കകെ–
ത്തെന്റെ സാധുമനസ്സുപോലെയ–
രിച്ചുനീങ്ങിയൊരീച്ചയെ

കണ്ടവാറൊരു മന്ദഹാസ–
മുദിച്ചു നിന്നധരങ്ങളിൽ,–
''ക്കണ്ടുവോ!'' ''അതിനെപ്പുറത്തുവി–
ടൂം'' വിളിച്ചു പറഞ്ഞു ഞാൻ

ആയിടയ്ക്കു പുറത്തുവന്നൊരു
നോവലിന്റെ ഗുണാഗുണം
നീയിരുന്നു പറഞ്ഞു, സന്ധ്യ പു–
റത്തുനിന്നതു കേൾക്കവേ,

പോയീ വൈദ്യുതി തൽക്ഷണം, പകു–
തിയ്ക്കെഴുത്തു നിറുത്തി ഞാൻ
കൈയനങ്ങുകിൽ നിന്റെ മേൽത്തൊടു–
മെന്നിരുന്നു മരിക്കയായ്.

ഇഷ്ടകാമിനി, നിന്റെ കണ്ണിലെ
വശ്യശക്തിയിൽ ഞാനക–
പ്പെട്ടുവോ കുറവന്റെ ചൂടിയിൽ

മൊച്ചപോൽപ്പലവത്സരം?

കെട്ടഴിച്ചുതരാതെയിന്നു പി-
രിഞ്ഞുപോവുകയല്ലി നീ?
കഷ്ട,മെങ്കിലുമെന്നുമോർക്കുക,
നിന്റെയഭ്യുദയാർത്ഥി ഞാൻ!

# മുഖത്തോടുമുഖം

ഇട്ടിക്കണ്ടപ്പന്റെ വേഷം
കെട്ടിക്കെട്ടി മടുക്കവേ
മരത്തേങ്കോടനായെങ്കി-
ലെന്നു മോഹിച്ചുപോയി ഞാൻ.

മത്തിക്കൊട്ട ചുമന്നോളാം,
മത്തിപ്പേരുകളത്രയും
ഉരുവിട്ടു പഠിച്ചോളാം;
ഗുണപാകക്രമങ്ങളും.

ഇട്ടിക്കണ്ടപ്പനായാലും
മരത്തേങ്കോടനാകിലും
നേരംപുലർന്നാൽക്കിട്ടുന്നൂ
പന്ത്രണ്ടു പണമല്ലയോ?

രണ്ടായാലും മുഖത്തോരോ
മരമോന്തകൾ വെയ്ക്കണം
സ്വന്തം മുഖത്തെബ്ഭാവങ്ങൾ
നിഷിദ്ധം തന്നെ രണ്ടിനും.

ശരിയാണു വിധേ, പക്ഷേ,
ചെയ്തതേ ചെയ്തുചെയ്തു ഞാൻ
ഇട്ടിക്കണ്ടപ്പനാവാനും
പറ്റാതാവുകയല്ലയോ?

തൊട്ടുനോക്കിപ്പോവുകയാ-
ണിടയ്ക്കെൻ നെഞ്ചുതന്നെ ഞാൻ:
മിടിപ്പിപ്പൊഴുമുണ്ടല്ലി?
മരിച്ചിട്ടില്ല ഭാഗ്യവാൻ!

ഊതിക്കേറ്റൂ ധമനിയി-
ലാത്മചൈതന്യമെന്നുടൻ
ക്രുദ്ധനായിട്ടെന്റെ കാതി-
ലാക്രോശിക്കുന്നു മൗനി ഞാൻ.

ഉറ്റുനോക്കായ്കെൻ മുഖത്തു
വിധിതൻ നിസ്സഹായതേ,
ഭവാൻ കേൾക്കില്ലെന്റെ ശബ്ദം;
കാണില്ലെൻ ഭാവഭേദവും:

പകലും കാണ്മതില്ലിപ്പോ-
ളങ്ങെന്നെ,ക്കാണ്മിതെപ്പൊഴും
ഇട്ടിക്കണ്ടപ്പന്റെ ഘോര-

വൈരൂപ്യച്ചിരിയല്ലയോ?

ആവുമെങ്കിൽ ഭവാനെന്റെ
വിയർപ്പംഗീകരിക്കുക:
സത്യസന്ധതയുണ്ടെങ്കിൽ–
ക്കൺതുറന്നിതു കാണുക:

എന്റെ വേർപ്പിൻ സമുദ്രത്താൽ
ചൂഴപ്പെട്ടവനാണു ഞാൻ:
ഞാനിതിൽ താണുപോയാലും
നിലനിൽക്കുമിതക്ഷയം.

ഇതെന്റെ വസ്ത്രാഞ്ചലത്തെ–
യുത്തരീയാഞ്ചലത്തെയും
നനച്ചു പിന്നെയും പൊന്തി–
ച്ചുണ്ടിൽ മുട്ടുകയായ് വിധേ!

ഉണ്മതൻ രുചിയാവാമി–
പ്പുളി, തൊണ്ട വരൾച്ചയും,
കുടിക്കുമ്പോളിരട്ടിച്ചു
പൊരിയിക്കുന്ന തൃഷ്ണയും.

നിലപ്പിക്കുന്നില്ല പക്ഷേ,
വിയർപ്പിന്റെ മഹാംബുധി
ഇതല്ലി ദൗർഭാഗ്യം! – എന്റെ
പഞ്ചപ്രാണഗതാഗതം.

പെട്ടെന്നു താങ്കൾ വന്നിന്നു
കണ്ടപ്പൻതന്നെ കെട്ടുവാൻ
ശാസിക്കയോ? അലമുറ–
ക്കൊണ്ടുകൂടാ നരച്ചവൻ!

ധിക്കാരമായ് നിന്റെ നേരെ
പൊട്ടിച്ചീറാൻ കൊതിപ്പു ഞാൻ,
വാ തുറക്കുന്നില്ല പക്ഷേ,
വ്യസനിക്കുകയാണു ഞാൻ:

ചീറ്റലും ചീറ്റലല്ലെന്നു
വിഗണിക്കുകിലോ ഭവാൻ,
ഇട്ടിക്കണ്ടപ്പന്റെ വിഡ്ഢി–
ച്ചിരിയെന്നു ഗണിക്കിലോ?

# സൂര്യനാരായണൻ

ബന്തറിലെത്തിപ്പോക്കു വെയിലേറ്റിരുന്നിട്ടെ–

ന്നന്തരാത്മാവും കൂടിപ്പൊന്നായിബ്ഭവിക്കുമ്പോൾ

വാരിധിയെന്നും വാനമെന്നുമില്ലി,പ്പോൾസ്സൂര്യ–
നാരായണാനുഗ്രഹനിർല്ലീനമിബ്രഹ്മാണ്ഡം!

വളരുന്നുവോ വർത്തുളാകൃതിയിലദ്ദീപ്ര–

വദനം ഹിരണ്മയാപിഹിതം മഹാസത്യം?

വികസിപ്പിതോ നിർന്നിമേഷമെൻമിഴിക,ളെ–
ന്നകമേ സഹസ്രാരപത്മസൗരഭപൂരം?

ഓടിയോടി വന്നെന്റെ വിടരും മിഴികളി–
ലൂടെയെന്നാത്മാവിലെക്കാരണതമിസ്രത്തിൽ

ഉജ്ജ്വലിപ്പിതോ സൂര്യനാരായണാർച്ചിസ്സെ,ന്നെ–
യുദ്വഹിക്കയാണുഡുപഞ്ജരത്തിലൂടെന്നോ?

ശരിയാണിപ്പോളെന്റെ സപ്തനാഡികൾക്കുള്ളി–
ലെരിവൂ സകലാന്തര്യാമിതൻ രാഗോദ്രേകം.

ശരിയാണി,പ്പോൾക്കാണ്മേൻ, കാൽമടമ്പിൽനിന്നു മൺ–
തരിപോൽത്തെറിച്ചു പിൻപെട്ടൊരാബ്ഭൂഗോളത്തെ,

ദേവസുസ്മിതം കൊണ്ടു വഴിയും നിശ്ശൂന്യതാ–
ഭാവത്തിൻ കോണിൽക്കിടന്നാടുമെൻ മമത്വത്തെ!

പാതിഭാഗത്തേ തട്ടുന്നുള്ളു സുസ്മിതം, മറ്റേ–
പ്പാതിയിൽ തളംകെട്ടിനിൽക്കുന്നു മൃത്തിൻ ദുഃഖം!

ശരിയാണിപ്പോൾസ്സദാഗതിയാണെന്നസ്തിത്വം:
എരിവൂ മിഴികൾക്കു ചെല്ലാവുന്നിടത്തെങ്ങും

താരകളല്ലാ, കാലവേണുവായിക്കും സൂര്യ–
നാരായണൻതൻ രോമഹർഷങ്ങളനർഘങ്ങൾ.

ഇച്ഛകൾ ഗോളാന്തരം പോകുമീച്ചരിത്രത്തി–
ന്നുച്ചയിൽപ്പോലും സഹസ്രാബ്ദങ്ങൾ പിന്നിട്ടെത്തി

ദീപ്തിവർഷങ്ങൾക്കുള്ളിലൂടെ ഞാനൊലിക്കുമ്പോൾ,
ദീപ്രമെൻ പ്രാണൻ തമോനിർമ്മുക്തി പ്രാപിക്കുമ്പോൾ.

ഋഗ്യജ്ജുസ്സാമങ്ങൾതൻ സംഗമഘട്ടത്തിൽനി–
ന്നുദ്ഗളിക്കുന്നൂ പെട്ടെന്നെന്നശ്രുഹർഷാലാപം:

ഭൂവിന്നും ഭുവസ്സിന്നും പാവനസ്വർഗത്തിന്നും
ജീവനാമങ്ങുന്നെന്നെ മുഴുവൻ ഹരിച്ചാലും!

# സ്വയം വിമർശനം

**മേ**ലോട്ടു മേലോട്ടു നോക്കുവിൻ കൺകളേ,

കീഴോട്ടൊരിക്കലും നോക്കാതിരിക്കുവിൻ!
കീഴോട്ടു നോക്കിയാൽ കാണുന്നതെൻ നിഴൽ,
പാഴിരു,ളവ്യക്ത,മസ്ഥിരം; എങ്കിലും
കാണാമതിൻ മുതുകത്തു നൂറ്റാണ്ടിന്റെ
കൂനുണ്ട്; കൂനോ? കരളിലെബ്ബാഷ്പവും
വേർപ്പും ചലവുമേത്തായയും ചോരയും
വീർത്ത വിഴുപ്പിന്റെ ഭാണ്ഡമല്ലി? അതിൻ
ഭാരത്തിനാലേ കുനിഞ്ഞു വടിക്കുമേൽ–
ക്കൂന്നു നടക്കും തളർച്ചയാകുന്നു ഞാൻ.

മേലോട്ടു നോക്കിയാൽ കാൺമതോ, നിത്യമാം
നീലവിശാലസമാധിയും രോമാഞ്ച–
ലോലരേണുക്കളും സംശാന്തമോഹന–
ശ്രീലസൗവർണ്ണപ്രഹർഷങ്ങളും ദീപ്ര–
വർത്തുളധൈര്യവും ദൈനന്ദിനോല്ലാസ–
വൃദ്ധിമൽസ്വപ്നശകലവും ശോഭന–
സ്പന്ദനം ചെയ്യും നിമിഷസഹസ്രവും
മന്ദം ചലിക്കുന്ന സങ്കൽപ്പവെൺമൃദു
ത്തൊങ്ങലും കട്ടിക്കറുപ്പിൻ കരൾത്തട്ടിൽ
വിങ്ങുന്ന, ചാറുന്ന,പെയ്യുന്ന കാരുണ്യ–
രാശിയും!    സർവ്വവുമുന്മേഷകാരികൾ!

# എന്നു വരും?

ഒരൊറ്റ ഞൊടിയാലെന്തിനു ഹതവിധി
പറിച്ചെടുത്താനാവോ
കരാളമെൻ കദനത്തിലുദിച്ചൊരു
കാഞ്ചന നക്ഷത്രത്തെ!

മറഞ്ഞുപോയീ നീയന്നേരം
മരിച്ചു നീയോ ഞാനോ
പരന്ന ശൂന്യസ്ഥലകാലങ്ങളിൽ
വിറച്ചുവീഴും    ഭൂവോ?

നിനക്കുവേണ്ടിക്കാച്ചീ ഞാനെൻ
മനസ്സിലുറയിൽത്തൂക്കീ
നിറന്ന മധുരനിലാ,വൊരു യുഗമായ്:
പിരന്നിയിട്ടില്ലെന്നും.

എവിടെപ്പോയ് നീ,യെന്നു വരും നീ–
യെന്റെ കടിഞ്ഞൂൽപ്പൂവേ,
നിറഞ്ഞുവഴിയും ഹൃദയത്തിൽക്കൺ–
തുറന്ന വെള്ളിപ്പൂവേ?

# ചിരിവരുന്ന കാലം

വെള്ളം കുറവാണു. പൈപ്പിൽനിന്നോരോരോ
തുള്ളിയായ് വീണു കുടം നിറയാൻ

എത്രമണിക്കൂറു വേണമോ? നമ്മൾക്കു
കുത്തിയിരുന്നിടാമിക്കലുങ്കിൽ.

പൊന്നിളവെയ്‌ലത്തു പായുന്ന വണ്ടികൾ
ചിന്നും പൊടിമണ്ണു തിന്നുകൊണ്ടും

തമ്മിൽത്തമാശ പറഞ്ഞുകൊണ്ടും സഖീ,
നമ്മൾക്കിരിക്കാം കുറച്ചുനേരം.

നിന്നഭിപ്രായമെന്താ, ണൊരു കാര്യം ഞാ–
നെന്നിൽനിന്നിയ്യിടെക്കണ്ടെടുത്തു:

അമ്മിണീ, സത്യ, മീയൗവനകാലത്തു
ചുമ്മാ നമുക്കു ചിരിവരുന്നു!

കാലത്തെഴുന്നേറ്റു പല്ലുതേച്ചീടുമ്പോൾ,
കാലിക്കു തീറ്റ കൊടുത്തിടുമ്പോൾ,

കാപ്പിവെള്ളം വീണു കൈത്തണ്ടപൊള്ളുമ്പോൾ,
കണ്ണിൽപ്പുകക്കലിപ്പൂറിടുമ്പോൾ,

ഉച്ചയ്ക്കകങ്ങൾ മെഴുകിത്തുടച്ചെനി–
ക്കൂരമുഴുവൻ വിലങ്ങിടുമ്പോൾ,

മുല്ലയ്ക്കലന്തിത്തിരി കൊളുത്താൻവേണ്ടി
മുത്തശ്ശി നിന്നു തിരക്കിടുമ്പോൾ,

പാതിരാസ്വപ്നത്തിൽ ഞെട്ടിയുണർന്നു ഞാൻ
പേടിച്ചരണ്ടു കിതയ്ക്കുമ്പോഴും,

ഊറിച്ചിരിച്ചുപോകുന്നു ഞാനമ്മിണീ,
കാരണമില്ലാതി, തെന്തു കഷ്ടം!

ഞാനവസാനം നിരൂപിച്ചതിങ്ങനെ–
യാ,ണതു വാസ്തവംതന്നെയല്ലേ?

അമ്മിണീ, സത്യ,മീ യൗവനകാലത്തു
ചുമ്മാ നമുക്കു ചിരിവരുന്നു!

ൗൗൗ

അയ്യയ്യോ! ഞായം പറയും തിരക്കിൽ ഞാ–
നക്കാര്യം തീരെ മറന്നുപോയി:

എൻകുടം പാടേ നിറഞ്ഞുതുളുമ്പിയി–
ട്ടെത്രയോ നേരം കഴിഞ്ഞുവല്ലോ!

# ഓണപ്പുതുമ

പിറന്ന തറവാടിൻ തൊട്ടടുത്തൊരു കുന്നിൻ–
ചെരിവിൽ പുതിയൊരു വീടച്ഛൻ പണിയിപ്പൂ.

പണിതീർന്നില്ലാ, പണം തീർന്നു, മാരിയും വന്നു,
പാലുകാച്ചിയാ വീട്ടിൽ പാർക്കുന്നു സകുടുംബം.

നിറന്നൂ നാലഞ്ചോണപ്പൂക്കളാ മൊട്ടക്കുന്നിൻ–
പുറത്തും ചിങ്ങത്തെളി പുൽകിയ വിഭാതത്തിൽ

ഒരുപൂവിതൾപോലുമൊരു കൂജനംപോലും
വിരിയാതൊലിക്കൊള്ളാതിരിക്കും ഹൃദയത്തിൽ

തുടിപ്പൂ പാടത്തുനിന്നിട്ടിലിലൂടേ മെതി–
യടിയിൽച്ചവുട്ടിയും വടികുത്തിയും മഹാ–

ബലി സഞ്ചരിക്കുന്ന ശബ്ദമോ? ചലിക്കാതെ–

നിലവായ്   മുറ്റത്തുണ്ണിക്കൺപീലിത്തുമ്പോരോന്നും.

ഒടുവിൽക്കേൾപ്പൂ തറവാട്ടിന്റെ പടിക്കൽ നി–
ന്നൊരു സംഗീതം, പാണനാരുടെ തുടിയിൽനി–

ന്നൊഴുകി ഗ്രാമത്തിലെ വേലികൾ വരമ്പുകൾ
വഴിഞ്ഞു വികസിക്കുമാശതന്നാർദ്രസ്പന്ദം.

പിന്നെയാരവമകന്നകന്നു കുന്നിൻ മറ്റേ–
ച്ചെന്നിയിലില്ലാതായ്പ്പോം ശപ്തമാം മുഹൂർത്തത്തിൽ

മക്കൾതൻ കണ്ണിൽക്കണ്ണീർ; അവരാൽ വാർക്കപ്പെട്ട
തൃക്കാക്കരപ്പൻ നിൽപ്പൂ വിളറും മുഖത്തോടെ.

# നിറ നിറോ നിറ നിറ

കർക്കടപ്രഭാതത്തിൽ ദുർഘടറേഷൻഷാപ്പിൽ

നിൽക്കുന്നൂ, വരിയായി വാപൊളിച്ചുറങ്ങുന്നൂ

മിസ്റ്ററാം പ്ലാസ്റ്റിക് സഞ്ചി മിസിസ് പോളിത്തീൻ സഞ്ചി
കൊട്ടവട്ടികൾ, ചാക്കുസഞ്ചികൾ, വല്ലങ്ങളും.

മരിച്ച വീട്ടിന്നുള്ളിലെന്നപോലെല്ലാവർക്കും
മരവിപ്പുണ്ടേ; തൻതൻ ഭാവി ജീവിതമല്ലോ

കട്ടിലിലിളവെയ്‌ലാലാപാദചൂഡം മൂടി–
യിട്ടമാതിരി കിടക്കുന്നു! നിശ്ചയമില്ലേ

കൃത്രിമശ്വാസോച്ഛ്വാസപാഠമിങ്ങാർക്കും? മുന്നിൽ
വർത്തിക്കും കസേരയും മേശയും പരുങ്ങുന്നു.

''വന്നിട്ടില്ലരി, ലോറി പോയിട്ടുണ്ടുടൻതന്നെ
വന്നെത്തും!'' – വന്നെത്തുമാക്കോഴിറേഷനുവേണ്ടി

ഊഴിയിലാരാരവശേഷിക്കും? മുലവന്ന
കോഴികളുടെ മാത്രം ജീവൻ, എന്നോർക്കും മുമ്പേ

കൊട്ടവട്ടികൾ പ്ലാസ്റ്റിക്പോളിത്തീനുറകളും
പെട്ടെന്നു ചെവി വട്ടം പിടിച്ചു നിലക്കൊണ്ടൂ

അച്ഛൻ നമ്പൂരിപ്പാടിൻ ശബ്ദമല്ലല്ലീ കേൾപ്പ–
തുച്ചത്തിൽ മനയ്ക്കൽനിന്ന? –ക്ഷരമെല്ലാം സ്പഷ്ടം,

''നിറ നിറ, പൊലി,പൊലി,
ഇല്ലം നിറ, വല്ലം നിറ,
പത്തായം നിറ, കൊട്ട നിറ, വട്ടി നിറ,
നിറ നിറോ, നിറ നിറ.''

ഇതു കേട്ടപ്പോൾ പ്ലാസ്റ്റിക്കുറയ്ക്കും സംഘത്തിന്നു–
മിളകീ സ്വാഭാവികമായ ധാർമ്മികരോഷം,

ജംഗമങ്ങളാണെങ്കിൽക്കൂടിയാ വസ്തുക്കൾ ത–
ന്നംഗങ്ങളായിപ്പൊട്ടിമുളച്ചൂ വാലും കൊമ്പും

വളഞ്ഞീടുകയായീ വാലുകൾ ഓരോ കൊമ്പു

കുലുങ്ങീടുകയായി,പൊഴിഞ്ഞീടുകയായി

വായിലെ നാത്തുമ്പിൽനിന്നെല്ലുകൾ (ആഹാരത്തിൻ
സ്നായുകൊണ്ടല്ലോ നെയ്തീടുന്നു നാം സംസ്കാരത്തെ).

വട്ടിയൊടോതീ പോളിത്തീനുറ, 'വിശപ്പുണ്ടോ
കഷ്ടമീ മനകളിൽപ്പാർക്കുന്നോരറിയുന്നു?'

വട്ടി വല്ലത്തിൻ കാതിൽ, 'കൃഷിക്കാരിന്നും പൂഴ്ത്തി
വെയ്ക്കുന്നൂ വേണ്ടത്ര നെല്ലെന്നല്ലീ ഇതിന്നർത്ഥം?'

വല്ലമന്നേരം മഹാത്മജിയെപ്പുറത്തേറ്റി
വന്നു നില്പൊരു ചാക്കു സഞ്ചിതൻ കാതിൽച്ചൊല്ലീ,

''എത്ര വാസ്തവം! നമ്മൾ വാപൊളിച്ചിരിക്കുന്നൂ
ചെത്തിൽ, അപ്പുറത്തില്ലം നിറയാഘോഷിക്കുന്നൂ!''

ആരറിയുന്നൂ വിശപ്പിന്റെ ദിവ്യത! അവ–
രാകെയന്നേരം സ്വിച്ചിട്ടതുപോലെഴുന്നേറ്റു.

കുതികാലടി കുട്ടിച്ചാത്ത* ന്മാരുടേതെന്ന–
പടി ഭൂമിയെ സ്പർശിക്കുന്നതിൻമുമ്പേ പൊന്തീ,

മുഷ്ടികളനായാസം ചുരുട്ടിപ്പിടിച്ചാറു–
കട്ടയിൽച്ചൊല്ലീ, ''നെല്ലു തരൂ, നമ്പൂരിപ്പാടേ!''

മൂക്കിനുനേരേ ഘോഷയാത്രചെയ്തദ്ദേഹത്തിൻ
മുമ്പിലെത്തുമ്പോ,ളോർക്കാതേവരും ക്ഷണനേരം

മൂക്കുകൾ പൊത്തിപ്പിടിച്ചെങ്കിലെ,ന്തുടൻതന്നെ
തീക്കനലേറ്റിട്ടെന്നപോലെ പിൻവലിച്ചല്ലോ!

ആരാഞ്ഞൂ നമ്പൂരിപ്പാ''ടെ,ന്തുള്ളൂ കാര്യം?'' പൂച്ചയ്–
ക്കാരുള്ളൂ മണികെട്ടാനെന്നു ചോദിച്ചൂ മൗനം.

കൊട്ട കല്പിച്ചു::''താക്കോലെടുക്കൂ, പത്തായത്തി–
ലിട്ട നെല്ലുടൻ ഞങ്ങളെടുത്തു ഭക്ഷിക്കട്ടെ.''

ഒന്നു മൂളിയേയുള്ളൂ ആദ്യമാ നമ്പൂരിപ്പാ–
ടെന്നിട്ടോ, 'നിർബന്ധമാണെങ്കിൽ ഞാ'നെന്നും ചൊല്ലി

ചൊട്ടിവെച്ചൊരു, ''ചൊറോണ്ണൂക്കാരൻ'' വസ്ത്രംകൊണ്ടു
തറ്റുടുത്തെന്തോ ധ്യാനിക്കുന്നപോൽക്കണ്ണുംപൂട്ടി

വിട്ടാലും വിടാനാവാതുള്ളൊരു പൂർവ്വാചാര–
വിശ്വാസത്തിന്മേൽച്ചാരി നിശ്ശബ്ദം നിലക്കൊൾകെ,

പിന്നിലേക്കറ്റം കെട്ടിത്തുളസിപ്പൂവും ചൂടി–
ച്ചിന്നിയ കുടുമയിൽ സ്പന്ദിക്കും സൗരഭ്യവും

വിരിനെറ്റിയിൽ ഭസ്മത്രിപുണ്ഡ്റങ്ങൾതൻ മദ്ധ്യേ
വിളങ്ങും നമസ്കാരമുഴയും വൈശ്യപ്പൊട്ടും

മൃതമെന്നെണ്ണപ്പെട്ട ഭൂതകാലത്തിൻ സ്നേഹ–
ദ്യുതികൊണ്ടാകാശത്തെ മുഴുവൻ നിയന്ത്രിക്കെ,

പെട്ടെന്നു ചുമർപ്പൊത്തിൽത്തപ്പുന്നൂ താക്കോൽക്കൂട്ടം,
കിട്ടിയപാടെ ചെന്നു പത്തായം തുറക്കുന്നൂ,

പിന്നോട്ടു വാങ്ങിച്ചുമർചാരി നില്ക്കയും ചെയ്വൂ

തന്നിലേ നിറഞ്ഞ നമ്പൂരിപ്പാടവസാനം.

അറയിൽക്കടന്നിമവെട്ടാക്കണ്ണുകളൊപ്പം
തുറിച്ചു നിലകൊണ്ട പോളിത്തീനുറകളും

വട്ടികൊട്ടകൾ, ചാക്കുസഞ്ചികൾ, പ്ലാസ്റ്റിക്കുറ,
വല്ലവും നിന്നാരിടിവെട്ടുകൊണ്ടതുപോലെ!

കാലടിക്കിടയിലൂടൊലിച്ചു നിലയ്ക്കാത്ത
കാലവാഹിനി; ഹേതുവെന്തിതിന്നെല്ലാമെന്നോ?

സ്പഷ്ടമായ് ക്കണ്ടാരല്ലോ സർവ്വരും മുന്നിൽ സ്വന്തം
ദൃഷ്ടികൊണ്ടപ്പോൾ ഏഴുകിലോഗ്രാം കപ്പപ്പൂള!

# കർക്കിടകപ്പുലരിയിൽ

തൂമഴവില്ലതാ നർത്തനം ചെയ്യുന്നു
വ്യോമത്തിൻ നീലവിശാലതയിൽ

ആയിരം കണ്ണുള്ള പീലിവിടർത്തിനി–
ന്നാടുന്നുണ്ടപ്പൊഴേക്കെൻ മനസ്സും.

എങ്കിലും കോലായിൽ കുത്തിയിരിക്കയാ–
ണെന്നെഗ്ഗവേഷണം ചെയ്തുകൊണ്ടും

പട്ടണം വായിൽത്തിരുകിയ ഗോതമ്പു–
റൊട്ടി ചവച്ചും ഞാനിത്തണുപ്പിൽ.

നാട്ടിലാണെൻ കണ്ണിലുണ്ണികൾ, വാടക–
വീട്ടിൽ ഞാൻ നിർന്നിമേഷാക്ഷനേകൻ!

കാതിലുണ്ടെന്നാൽ കിടന്നു മുഴങ്ങുന്നു
ഭൂതകാലാർദ്രസ്വരവിശേഷം:

''കർക്കടം ദുർഘടം കാലം തെളിയുവാൻ
സൽകർമ്മം ചെയ്ക നാം ശ്രദ്ധയോടെ.''

അച്ഛനഹസ്സു പകർന്നാൽ കുളിച്ച,മ–
രാർച്ചിതനാം ഗണനായകന്നായ്

അർപ്പിച്ചുപോന്നു കിഴക്കിനിയിൽക്കത്തു–
മഗ്നിയിൽ പന്ത്രണ്ടു നാളികേരം.

ഇല്ലത്തിൻ മൂർദ്ധാവിൽ ഹോമാഗ്നിധൂമത്താൽ
മുല്ലപ്പൂങ്കാടു പടർന്നു നിൽക്കെ

നാളികേരം വെന്ത സൗരഭപൂരത്തെ
നാസയാൽക്കോരിക്കുടിപ്പവൻ ഞാൻ

പ്രാണഹർഷം പെയ്ത വാസരോന്മേഷത്തെ
ഞാനറിയാതെ നമിച്ചീടുന്നു.

ഹോമം കഴിഞ്ഞാൽ ''ഗണോതിക്കു നേദിച്ച''
നാളികേരപ്പൂളും ശർക്കരയും

എന്നാനവായിൽ തിരുകിടുമ്പോളമ്മ
കണ്ണീർ പൊടിഞ്ഞിടും മന്ദഹാസം!

തൂമഴവില്ലതാ നർത്തനം ചെയ്യുന്നു

വ്യോമത്തിൻ നീലവിശാലതയിൽ.

ആയിരം കണ്ണുള്ള പീലിവിടർത്തിനി-
ന്നാടുന്നുണ്ടപ്പൊഴേയ്ക്കെൻ മനസ്സും.

അപ്പൊഴും നിശ്ചലം കുത്തിയിരിക്കയാ-
ണന്നമയശരീരത്തിലീ ഞാൻ,

പട്ടണം വായിൽ തിരുകിവെച്ചിട്ടുള്ള
റൊട്ടി ചവയ്ക്കാൻ മറന്നപോലെ.

അൽപ്പാൽപ്പമായെൻ മിഴികളിലെന്നിട്ടു-
മശ്രു പൊടിഞ്ഞുഘനീഭവിക്കെ

മായുന്നു മാനത്തെത്തുമഴവില്ലൊളി,
മാരി പെയ്യുന്നിതിരമ്പലോടെ.

## പക്ഷിക്കുടുമ*

''കഴിഞ്ഞൂ,'' ബാർബ്ബർ മന്ത്രിച്ചു;

കണ്ണു രണ്ടും വിടർത്തി നീ,

കണ്ണാടിയിൽക്കണ്ടു നിന്നെ-
പ്പക്ഷിക്കുടുമയോടെ നീ!

''ഇതെന്തൊരക്രമം?'' പൊട്ടി-
ക്കരഞ്ഞൂ നിന്നിൽനിന്നൊരാൾ,

ഇതിലും നല്ലു പണ്ടത്തെ-
യുച്ചിക്കുടുമയല്ലയോ?

നരച്ച തന്തപ്പിടി നീ
വെറും കോളേജുപയ്യനോ?

വീട്ടിൽപ്പോയ് നിൻ മക്കളുടെ
മുഖത്തെങ്ങനെ നോക്കിടും?

ൟൟ
മക്കൾ പൊട്ടിച്ചിരിക്കുന്ന-
തൊരർത്ഥത്തിൽ രസാവഹം;

നാളെക്കാലത്തയൽക്കാർതൻ
മുഖത്തെങ്ങനെ നോക്കിടും?''

വിവേകശക്തികൊ,ണ്ടെന്നാൽ-
ച്ചുണ്ടിറുക്കിപ്പിടിച്ചു നീ:

ആരാണിബ്ബാർബ്ബ,റെങ്ങേതു
പട്ടിക്കാട്ടിൽപ്പിറന്നവൻ,

അല്ലെങ്കിലെങ്ങേതു പാരീ-
സ്സിൽപോയ് ഡിഗ്രിയെടുത്തവൻ?

ഇയാളോടെന്തു പറയാൻ?
പോരെങ്കിൽക്കൗണ്ടറിന്നുമേൽ

അണച്ചുവെച്ചിരിക്കുന്നൂ
ക്ഷൗരക്കത്തി പലേതരം!

ൗൗൗ

മുന്നിൽക്കുപ്പിയിൽ വെള്ളം പോ–
ലിരുന്നൂ താങ്കളൊട്ടിട

തിരിച്ചാൽത്തിരിയും ക്ഷൗര–
ക്കസേരയിലചഞ്ചലൻ.

നെഞ്ചിൽ വെള്ളപ്പുതപ്പിട്ട
ശവംപോലെ കിടക്കവേ

നിരത്തിലൂടാർ പോകുന്നെ–
ന്നൊളികണ്ണിട്ടു നോക്കി നീ.

ഒടുവിൽക്കൈ മെല്ലെ മെല്ലെ–
യുയർത്തിത്തടവീ ഭവാൻ

സ്വന്തം പക്ഷിക്കുടുമയിൽ:
''ചെരച്ചാലെന്തിതപ്പടി?''

ഭാഗ്യത്തി,നപ്പോൾക്കൈ ചെന്നൂ
കുപ്പായത്തിന്റെ കീശയിൽ:

ഒരുറുപ്പികനോട്ടല്ലാ–
തില്ലതിന്നുള്ളിലൊന്നുമേ.

കത്തിയൂതിത്തുടയ്ക്കുന്ന
തിരക്കിൽപ്പെട്ട ബാർബ്ബറെ

നിർന്നിമേഷം നോക്കി നോക്കി–
യിരുന്നൊടുവെണീറ്റു നീ.

ൗൗൗ

പണം കൊടുത്തിറങ്ങുമ്പോൾ
ചൊല്ലി നീ വിനയാന്വിതൻ:

''പക്ഷിക്കുടുമ വെച്ചെന്നെ–
ശ്ശിക്ഷിക്കേണ്ടായിരുന്നു താൻ!''

''ഇതാണു സാർ, ഫാഷനിപ്പോൾ,''
പുഞ്ചിരിക്കൊണ്ടു പണ്ഡിതൻ;

തലയിൽ ടവ്വലും കെട്ടി–
യിറങ്ങീ റോട്ടിലേക്കു നീ.

വഴിയ്ക്കൊരിഷ്ടൻ കണ്ടെത്തീ,
''മഞ്ഞുവീഴാൻ തുടങ്ങിയോ?''

''ഇതാണു സാർ, ഫാഷനിപ്പോൾ,''
അത്യുച്ചത്തിൽ ചിരിച്ചു നീ.

ചിരി കണ്ടിട്ടിഷ്ടനമ്പ–
രന്നു പാതയിൽ നിൽക്കവേ

നിൽക്കാതെ മുമ്പോട്ടു നീങ്ങീ
നീയും നിൻ കാലഘട്ടവും!

## അതേ വേണ്ടൂ

വായുവിൽ നിന്നോ വലിച്ചെടുത്തീടുന്നൂ സത്യ–
സായിതൻ നിമിഷങ്ങൾ ലഡുവും വിഭൂതിയും?
വാപൊളിച്ചിമ കൂമ്പി നിന്നുപോകുന്നൂ യുക്തി–
വാദവും, മൂന്നായുമാ വലങ്കൈ മലരുമ്പോൾ!
ഞാനാട്ടേ നുകരുന്നൂ ഞാനെന്ന ബോധത്തിന്റെ
കൂണിൽനിന്നെൻ നാവിന്റെ നാരായത്തുമ്പിൽക്കൂടി
നിർഗ്ഗളിച്ചീടും നാരായണനാമമേ, നിന്നെ
നിച്ഛിലും, കൈയും കെട്ടിനിന്നു നമ്രതയോടെ.
ലഡുവും വിഭൂതിയുമെന്നല്ലെൻ കുഞ്ഞിക്കയ്യി–
ലുഡുപഞ്ജരത്തിലെ നന്മതിന്മകളാകെ
ഏതെപ്പോളെനിയ്ക്കത്യാവശ്യമെന്നൂഹിച്ചറി–
ഞ്ഞേകുന്ന നെഞ്ചിൽ കേണും ചിരിച്ചും കിടക്കുമ്പോൾ
ഒന്നുമാത്രമുണ്ടഭ്യർത്ഥന: നീയെന്നാത്മാവിൻ
പുണ്ണിൽനിന്നൊരിക്കലും പറിയായ്കനുകമ്പേ!

## മൃഗശാലയിൽ

അസ്ഥികൊണ്ടാണഴികൾ, ഇ–
ക്കൂട്ടിൽസ്സടകുലുങ്ങി ഞാൻ
വട്ടം ചുറ്റിക്കളിക്കുമ്പോൾ
ദൂരെനിന്നൊരു സൗഹൃദം:

''ചക്രവാളം വിറപ്പിച്ച
നാദമേ, നിന്നെയിപ്പൊഴും
സ്മരിപ്പൂ നിത്യഹരിത–
കാന്താരപുളകോൽഗമം.''

കൂട്ടിൻ മറ്റേപ്പകുതിയി–
ലിറച്ചിക്കഷ്ണമല്ലയോ?
നാവിൽനിന്നിറ്റുവീഴുന്നു–
ണ്ടായുസ്സിന്റെ ബുഭുക്ഷകൾ.

കുറുതായി നഖം നീണ്ട
കൈയെന്ന പരിതാപമേ,
നിന്റെ മുന്നിൽ വിലങ്ങത്തി–
ലിട്ടൊരീയഴി നീക്കുവാൻ

കാവൽക്കാരൻ വരാറായെ–
ന്നൂറുന്നൂ കണ്ണിലഗ്നികൾ;
അഗ്നിയല്ലവ സൂര്യന്മാർ,
അസ്തമിപ്പൂ നിരന്തരം.

ഒടുക്കത്തെസ്സട കൊഴി–
ഞ്ഞീടുംമുമ്പവനെത്തുമോ?

# ആപ്പിൾപ്പഴം

മണ്ടയിലെന്തേ വീണതെ,ന്റെ ഷർട്ടിന്മേലൂടെ

മണ്ടിയെൻ കാൽക്കൽച്ചെന്നു വീണതും? ജിജ്ഞാസതൻ
കണ്ണുകൾ മിഴിഞ്ഞിമ വെട്ടാതെ നിൽക്കെ, ക്കൂന്നു
മണ്ണിൽനിന്നെടുത്തുയർത്തുന്നു ഞാനാപ്പിൾപ്പഴം.
എന്തുകൊണ്ടിതു ഞെട്ടിയറ്റുവീണില്ലാ മേലോ–
ട്ടന്തരീക്ഷത്തിന്നനന്താഗാധഗർത്തത്തോളം?
എന്തുകൊണ്ടിതു വീണൂ ഭൂമിയിലേക്ക്?– ഈ ഭ്രാന്ത–
ചിന്തകൊണ്ടാപ്പിൾപ്പഴമാദിത്യനായിത്തീർന്നു.
ആ വെളിച്ചത്തെത്തുളച്ചേറിയെൻ ശൂന്യാകാശ–
വാഹനം ചെന്നെത്തിയ ചന്ദ്രഗോളത്തിൻ മണ്ണിൽ
ഇന്നു ഞാൻ ചാടിച്ചാടി നടക്കെ,ക്കൊത്തിക്കൊത്തി–
മണ്ണെടുക്കവേ, ചില യന്ത്രങ്ങൾ ഘടിപ്പിക്കെ,
ഹൃദയം കടിച്ചീമ്പി ക്കുടിപ്പതെന്താണെന്നോ?
ചലനം – ജ്ഞാനപ്പഴഞ്ചാറിലെ ബ്രഹ്മാനന്ദം

# തെരുവിലെ ഭക്തൻ

മദ്യംപോലെ കുടിക്കുന്നൂ ഞാൻ

ഹൃദ്യം നാരായണനാമം:
മറന്നുപോകുന്നില്ലാ പക്ഷേ,
മാരകമാമാദ്ദുഃഖത്തെ.

അരിവാങ്ങാനും തുണിവാങ്ങാനും
പുരപണിയാനും പണമില്ലാ;
അരുമപ്പൈതലിനിത്തിരി കടല–
പ്പൊരിവാങ്ങാനും പണമില്ലാ.

ഇരുകൈകൊണ്ടു വഹിക്കുന്നൂ ഞാ–
നിരുപതുകൈയിൻ ഭാരത്തെ;
ഇരുകാൽകൊണ്ടു മെതിക്കുന്നൂ ഞാ–
നിരുപതുകാലിൻ ദൂരത്തെ.

കിട്ടുന്നില്ലേ യാതൊന്നും? ഹാ,
കിട്ടിയതുടനെപ്പൊടിയുന്നൂ.
ഓട്ടക്കൈയൊടെ വീണ്ടും ഞാനീ
റോട്ടിൽച്ചുറ്റിനടക്കുന്നൂ.

പാതിരനേരത്തുച്ചയ്ക്കും ഞാൻ
പാരപ്പെറ്റിൽ മയങ്ങുമ്പോൾ
കടപ്പുറത്തെക്കുളിർകാറ്റേറ്റെൻ
കണ്ണീർ വറ്റി വരണ്ടിട്ടും

മദ്യംപോലെ കുടിക്കുന്നൂ ഞാൻ
ഹൃദ്യം നാരായണനാമം;
മറന്നു പോകുന്നില്ലാ പക്ഷേ,

മാരകമാമെൻ ദുഃഖത്തെ.

## ധർമ്മസമരം

തല്ലീലാരും, പക്ഷേ,

വീണുകിടക്കുന്നു ഞാനിതാ മണ്ണിൽ;
കൊന്നീലാരും, പക്ഷേ,
ചത്തുമലച്ചല്ലീ ഞാൻ കിടക്കുന്നു?

ദിനമണി മുട്ടിവിളിച്ചാ–
ലുണരില്ലെന്നല്ലിതിന്റെ താൽപര്യം,
തേയ്ക്കാറില്ലാ പല്ലെ–
ന്നല്ല, കുളിപ്പീലയെന്നുമല്ലല്ലോ.

കിട്ടിയ ചോറും കറിയും
തട്ടാറില്ലെന്നുമില്ല രുചിയോടെ
കല്ലുണ്ടെന്നറിയാതെ–
ബ്ഭഗവൽക്കാരുണ്യമെന്ന നിനവോടെ.

പിന്നെച്ചെന്നെത്താറു–
ണ്ടാപ്പീസ്സിൽസ്സുദൃഢയൗവനത്തോടെ,
സപ്തതിയാഘോഷിച്ചവ–
നെന്നോണം തിരികെ വീട്ടിലന്തിക്കും.

കട്ടിലിൽ മുതുനിവരുമ്പോൾ
പൊട്ടുന്നുണ്ടാത്മവത്ത സന്ധികളിൽ,
''ഉണരണമല്ലോ വീണ്ടും
നാളത്തെദ്ധർമ്മകർമ്മവീരൻ ഞാൻ.''

ധർമ്മം, ധർമ്മം, ധർമ്മം,
തുരുതുരെ വന്നെന്റെ വീടുവളയുന്നു,
അവയൊടു പൊരുതാനായ് ഞാൻ
കാക്ക കരഞ്ഞാൽപ്പിടഞ്ഞെണീക്കുന്നു:

''നാരായണ, നാരായണ,''
നരജാതിക്കയനമായ ഭഗവാനേ,
ബസ്സിലിരിക്കുമ്പൊഴുമെൻ
നാവുണ്ടേ നിന്റെ പേർ ചവയ്ക്കുന്നു.

മോക്ഷം തരികെന്നല്ലാ,
യൂയെന്നോത്തലവനാക്കുകെന്നല്ലാ,
ഒരു ചോറ്റിൻമണിയെന്നാ–
ണൊരു നൂലിഴയെന്നുമാണതിന്നർത്ഥം.

എത്ര ചുരുങ്ങിപ്പോയീ
വിശ്വസ്നേഹത്തിൽ വാർത്ത കൊട്ടാരം!
എങ്കിലുമതു വികസിക്കും
നാളെ ബ്രഹ്മാണ്ഡസകലപര്യന്തം!

താങ്കൾ ചുരുട്ടിയെറിഞ്ഞൂ
കൊട്ടാരത്തിൻ മുഖപ്പിലേക്കെന്നെ,

ഞാനപ്പോൾപ്പിടികൂടി
വളയത്തിന്മേലുടുമ്പിനെപ്പോലെ.

''നാരായണ, നാരായണ.''
ഞാനനിശം നിന്റെ പേർ ചവയ്ക്കുമ്പോൾ
ഇയ്യിടെ വിളികേൾക്കുന്നു–
ണ്ടാരാണ്ടെന്നുള്ളിൽനിന്നു: നീതാനോ?

ആരെന്നെത്തച്ചാലെ–
ന്താ,രെന്നെക്കൊന്നുവെങ്കിലെന്തുള്ളൂ?–
ജീവിക്കുന്നൂ വീണ്ടും
വാടകവീട്ടിൽത്തിരിച്ചു ചെല്ലുമ്പോൾ!

പിന്മുറ പുഞ്ചിരിതൂകി–
ക്കുഞ്ഞിക്കൈ നീട്ടി വന്നു പുണരുമ്പോൾ
നാലു യുഗങ്ങളിലെസ്സുഖ–
മൊന്നായ്പ്പെട്ടെന്നുയിർത്തെണീക്കുന്നു.

കീശയിലെദ്ദാരിദ്ര്യം
പേശലമക്കൈപ്പടം മതിർപ്പിക്കെ
കരളിലുദിപ്പൂ നിഭൃതം
കണ്ണീരിലെ മർത്ത്യജന്മസായൂജ്യം.

## മനോരാജ്യം

കാലത്തെണീറ്റില്ലുണർന്നുമില്ലിന്നു ഞാൻ
വാലിയക്കാരി വരായ്കമൂലം.
പാൽക്കാരൻ വാതിൽക്കൽമുട്ടായ്കിലാപ്പീസ്സിൽ–
പ്പോക്കിദ്ദിവസം മുടങ്ങിയേനേ!

ഇന്നലെ രാത്രി ഞാൻ രണ്ടു മണിക്കല്ലോ
ചെന്നാക്കിടയ്ക്കയിൽ വീണുറങ്ങി,
നേരത്തുതാൻ കിടന്നാലോ? കിടന്നുകൊ–
ണ്ടാവും മനോരാജ്യ,മത്രമാത്രം!

കാരണമെന്തീ സ്ഥിരം മനോരാജ്യസ–
ഞ്ചാരത്തിനെന്നല്ലീ നിന്റെ ചോദ്യം
ഗ്രാമത്തിലെൻ ജന്മഗേഹത്തിൽ ശോഭിക്കു–
മോമൽക്കിടാങ്ങളെത്തന്നവളേ?

സൂചിയുറപ്പിച്ചുവെയ്ക്ക നിന്നാത്മാവിൻ
സൂക്ഷ്മമാം മീറ്ററിൽ തെല്ലുനേരം
എന്നിലുള്ളേകാന്തനാഗരികത്വത്തിൻ
ഖിന്നസ്വരം കാതിൽ വന്നുവീഴും.

മൃത്യുവിൻ കാൽവെപ്പടുത്തടുത്തെത്തുന്നു.
ഹൃത്തിലെ സ്നേഹം പിടഞ്ഞിടുന്നു,
പൊട്ടുന്നിതാ ശബ്ദലേഖനയന്ത്രത്തിൽ
ചുറ്റുമായുസ്സും പൊടിപൊടിയായ്:

# തുലാവർഷം

അറബിക്കടൽവക്കത്തു
കോഴിക്കോടെന്ന പട്ടണം:

തുലാവർഷം കാത്തുകാത്തു
കത്തിക്കാളുന്ന നാളുകൾ.

കിഴക്കുണ്ടോ മഴക്കാറെ–
ന്നന്വേഷിക്കുന്ന കണ്ണുമായ്

ഉലാത്തുന്നുണ്ടൊരുമകൾ
പാളയത്തിന്റെ പിൻവശം.

പഴത്തൊലികളും ചീഞ്ഞ
പച്ചക്കറിയിനങ്ങളും

അടിക്കാട്ടായുള്ള കീറ–
ക്കടലാസുകൾകൂടിയും

കടിച്ചുതിന്നാൻ പഠിച്ചു
ജീവിക്കുന്നവരാകിലും

മലയാളപ്പട്ടണത്തെ–
പ്പാലൂട്ടും വലിയമ്മമാർ.

ഭസ്മക്കുറികൾ, സിന്ദൂര–
പ്പൊട്ടു, പിന്നിൽക്കുടുമ്മയും

കാതിൽത്തുടുതുടെക്കൂറ്റൻ
കല്ലുവെച്ച കടുക്കനും

കറുത്തു വിങ്ങിത്തൂങ്ങുന്ന
കുമ്പ വീഴാതിരിക്കുവാൻ

പൊത്തുകെട്ടിക്കൊടുക്കുന്ന
പാളത്താറിൻ മുറുക്കവും

കൈകളിൽപ്പാൽപ്പാത്രവുമായ്
ജനിച്ചൊരു മനുഷ്യനെ

വിശ്വസിച്ചിട്ടല്ലവന്റെ
ഭുജാസംസർഗ്ഗഹേതുവാൽ

പിന്തുടർന്നും കാൽ കഴച്ചു
കുളമ്പിൽച്ചോര പൊട്ടിയും

മത്തങ്ങവിളയും പൊള്ളാ–
ച്ചിയിൽനിന്നിങ്ങുവന്നവർ,

ഉലാത്തുന്നുണ്ടൊരുമകൾ
പാളയത്തിന്റെ പിൻവശം.

ഀഀഀ

ദിവ്യജ്ഞാനപ്പഴച്ചാറി–
ലാണ്ടവൻ, കരുണാനിധി

കാർത്തികോത്സവമാഘോഷി–
ച്ചിടുമീപ്പുണ്യവേളയിൽ

തന്റെ വാഹനമാഹ്ലാദി–
ച്ചാടുവാനുള്ള കൗതുകാൽ

കാതിലിമ്പമൊഴുക്കും ചെ–
ന്തമിഴ്നാടിന്റെ വായുവിൽ

പന്ത്രണ്ടുകണ്ണും തുറന്നു
കടാക്ഷങ്ങൾ പൊഴിക്കവേ

ജീവാമൃതങ്ങ,ളാകാശ–
ഗംഗാഹർഷങ്ങളൂഴിയിൽ

പതിയാതെയിരുന്നിട്ടി–
ല്ലിന്നേവരെയൊരിക്കലും.

ഊഊഊ

അപ്പൊഴേക്കെന്തകലെനി–
ന്നിരമ്പക്കങ്ങൾ കേൾക്കുവാൻ?

കാതനക്കാതെരുമക–
ളുറ്റു നോക്കുന്നു വാനിനെ!

വരുമിപ്പോൾത്തുലാവർഷം
'നമ്മൾനാടിൻ' മഹോത്സവം;

മഞ്ഞുകട്ടകൾപോൽക്കൊങ്ങൻ–
മഴത്തുള്ളികളീക്ഷണം

വീണു പൊട്ടും പുറ,ത്തപ്പോൾ
കുളിർകോരും കരിമ്പുറം;

ഒരാണ്ടുകൂടിജ്ജീവിപ്പി–
ച്ചിടുമാപ്പുളകോൽഗമം!

ഊഊഊ

ഇരമ്പക്കം നീങ്ങിനീങ്ങി–
യടുത്തെത്തുമ്പൊഴേക്കിതാ,

മഴക്കാർനിനവാടീടു–
മെരുമക്കൺകളാകവേ

മാനത്തൂനിന്നൂർന്നിറങ്ങി–
പ്പാളയത്തിൽപ്പതിക്കയായ്!

കൊടിയേന്തി നടക്കുന്നൂ
മനുഷ്യക്കൊച്ചുകുട്ടികൾ,

കൂറ്റൻ മനുഷ്യരവർതൻ
നേരേ വീശുന്നു ലാത്തികൾ.

തലപൊട്ടിക്കാൽവഴുതി
വീഴുമാക്കൊച്ചുമക്കളെ,

സാഹസപ്രിയരെ, സ്നേഹം
തുളുമ്പും നിസ്സഹായരെ,

അടുത്തുചെന്നൊരുമകൾ
മണത്തും കൊണ്ടു നിൽക്കവേ

നക്കിലാളിക്കവേ ഘോഷ–
യാത്ര ദൂരേക്കകന്നുപോയ്.

ൗൗൗ

എങ്കിലെന്താണെരുമകൾ–
ക്കുടൻ കേൾക്കായി ദൂരവേ,

''മക്കളേ, നാനുങ്കളൈത്താൻ
കാപ്പാത്തുക്കൊണ്ടിരിക്കിറേൻ.''

ആസുരത്വങ്ങളെപ്പണ്ടു
രുദ്രൻ കണ്ണിലെരിക്കവേ

നെറ്റിക്കൺതീപ്പൊരികളിൽ–
നിന്നു ഭൂജാതനായവൻ,

വീരബാഹുവിലെ സ്നേഹ–
ത്തിന്റെ ചൂടിലലിഞ്ഞവൻ,

ശൂരപത്മാവിലെ ക്രൗര്യം
ചീന്തി രണ്ടാക്കിയിട്ടവൻ,

വിഷമുള്ളൊരു സർപ്പത്താൻ
കൊക്കിൽത്തൂങ്ങിപ്പിടയ്ക്കിലും

പീലിചിക്കിപ്പറന്നെത്തും
മയിലിന്റെ പുറത്തിതാ,

വന്നിറങ്ങുന്നു മുരുകൻ
പാളയത്തിൽപ്പൊടുന്നനെ:

അവനല്ലോ ചൊൽവു വെറും
നാൽക്കാലികളൊടിങ്ങനെ,

''മക്കളേ, നാനുങ്കളൈത്താൻ
കാപ്പാറ്റുക്കൊണ്ടിരുക്കിറേൻ,''

ൗൗൗ

ഉള്ളിലാനന്ദം ചുരന്നു
വരുമാ മൂകജീവികൾ

അനക്കമില്ലാതെ നിന്നൂ
പാതികൂമ്പിയ കണ്ണുമായ്!

തുലാവർഷങ്ങളെന്തിന്നീ–
ക്കുളിരും ദിവ്യദർശനം

കല്ലിൽക്കൊത്തിയപോലുള്ളിൽ
നിൽക്കാവൂ മരണംവരെ!

# ഉത്സവചിത്രം

നാലാങ്കൽക്കൃഷ്ണപിള്ളസ്സാ–

റുണർന്നാലും കൃതാർത്ഥനായ്:

ചിരിച്ചുകൊണ്ടു നില്ക്കുന്നൂ
കാൽക്കൽത്തന്നെ കുടുംബിനി.

അനുസ്മരിപ്പിക്കുകയാ–
ണവർ:‘‘ഇന്നല്ലി തോഴരേ,

ഷഷ്ടിപൂർത്ത്യുത്സവം? പ്രാത–
സ്നാനം ചെയ്യുക നാമുടൻ.

ശുഭ്രവസ്ത്രാലങ്കൃതരായ്
വഴിപാടുകളേന്തിയും

തിരുനക്കരയപ്പന്റെ
തൃക്കാൽക്കൽച്ചെന്നു കൂപ്പുക!

അദ്ദേഹത്തിൻ സുരഭില–
പ്രസാദത്താലെയല്ലയോ

എന്റെ മാർക്കണ്ഡേയനായി–
ശ്ശോഭിപ്പൂ താങ്കളിപ്പൊഴും?’’

മനംപോൽ ദേഹവും ശുദ്ധീ–
കരിച്ചദ്ദേവസന്നിധൗ

കണ്ണീർ നേദിച്ചുനിൽക്കുമ്പോൾ
സുഖിയിൽസ്സുഖിയായ് ഭവാൻ.

നടയ്ക്കലെക്കാളയുടെ
കരിങ്കൽപ്പൂഞ്ഞ തൊട്ടുടൻ

തലയിൽച്ചേർത്ത കൈയോടും
കുടുംബിനിയൊടൊപ്പവും

നിരത്തിലേക്കിറങ്ങുമ്പോ–
ളമ്പരക്കുന്നുവോ ഭവാൻ?

മാലയിട്ടെതിരേൽക്കുന്നൂ
മാൺപെഴും മലയാളികൾ!

അങ്ങതന്നാത്മഗീതങ്ങ–
ളാലപിക്കുന്നു ചുറ്റിലും

ഋതുചക്രം ചുഴറ്റിക്കൊ–
ണ്ടോടിയെത്തിയ നന്ദികൾ.

അങ്ങതന്നുപദേശത്താൽ
പരിലാളനവൃത്തിയാൽ

ഉയിർത്തെത്തും തലമുറ
ചോദിപ്പൂ വിനയത്തൊടെ,

‘‘ആചാര്യപാദരേ, ഞങ്ങ–
ളങ്ങയെക്കൗതുകത്തൊടെ

തൊട്ടുനോക്കട്ടെയോ പാദ–
പത്മം ചുംബിച്ചിടട്ടെയോ?’’

കോട്ടയത്തെക്കവലയി–
ലങ്ങതൻ പാദധൂളിയിൽ

നമസ്ക്കരിച്ചെഴുന്നേറ്റാ–
ജ്ജനം കൈകൂപ്പി നിൽക്കവേ

എന്റെ കൈയിലിരിക്കുന്ന
പൂച്ചെണ്ടങ്ങയ്ക്കു നല്കി ഞാൻ;

ചിരിച്ചുകൊണ്ടെന്റെ പിന്നിൽ
കണ്ണുറപ്പിക്കയായ് ഭവാൻ,

''ഇവരെല്ലാം?'' ഉച്ചരിച്ചാ–
രവരേകസ്വരോത്തരം:

''ഞങ്ങളീക്കേരളക്ഷേത്ര–
ങ്ങളിലുള്ള പ്രതിഷ്ഠകൾ

മനുഷ്യരൊത്തുവന്നങ്ങ–
യ്ക്കർപ്പിപ്പൂ ഭാവിഭാവുകം''

# നിലവാരം

ലീവെടുത്തൊരാൾ കരൾക്കൂട്ടിലെ സ്വപ്നത്തിന്റെ

തൂവലിൽത്തങ്ങുന്നൊരു പരമാണുവായെത്തീ

പട്ടണത്തിൽനിന്നോമൽഗ്രാമത്തിൽ; മുറ്റത്തിട്ട
പന്തലിലിളവനും മത്തനും കണ്ടിട്ടോർത്തൂ,

'ഒന്നരയുറുപ്പിക രണ്ടുറുപ്പിക കിട്ടു–
മിന്നിവയ്ക്ക്;' എന്നാലപ്പുറത്തുടൻ കാണായ് വന്നൂ

തുളസിത്തടം: മാറിൽശ്രീവത്സത്തൊടെക്കാറ്റ–
ത്തിളകീ ഹരിനീലസൗരഭങ്ങൾതൻ ലോകം.

വിലയെന്തവയ്ക്കെന്നു ചിന്തിക്കാൻ മറന്നുടൻ
വിലയംകൊണ്ടാൻ വേണുവൈഖരീലഹരിയിൽ!

# ദർഭപ്പുല്ല്

മരിക്കും മുമ്പായച്ഛനരിയിച്ചതാ,ണിന്നു–

മിരിപ്പു ദർഭക്കെട്ടാത്തെക്കിനിച്ചട്ടത്തിന്മേൽ.
ഇത്തിരിശ്ശപ്പുല്ലതിൽ നിന്നെടുത്തല്ലോ പുത്ര–
നിത്രയും കാലം ശ്രൗതക്രിയകൾ നിവർത്തിച്ചൂ.
പതിവിൻപടി രണ്ടു പുല്ലെടുത്തവനിന്നു
പവിത്രം കെട്ടാൻ പിരിച്ചപ്പൊഴേയ്ക്കതു പൊട്ടീ.
പിന്നെയുമെടുത്തവൻ നനച്ചു പിരിക്കുമ്പോൾ
പിന്നെയും ദർഭപ്പുല്ലു പൊട്ടുന്നൂ, പൊടിയുന്നൂ.
കുളത്തിൻകരെച്ചെന്നു: സകൃദാച്ഛിന്നം വിരി–
പ്പതിനെങ്കിലും ദർഭത്തല കിട്ടുവാനുണ്ടോ?
ഇല്ല; കാലത്തിൻപ്രയോജനവാദക്കൈക്കോട്ടിൻ
തല്ലേറ്റു ദർഭക്കുറ്റിയറ്റുപോയിരിക്കുന്നു.
ഒരു തൈവാഴച്ചെടിമാത്രമുണ്ടായിട്ടുണ്ടാ–

ക്കരയിൽ,പ്പക്ഷേ, തോളിൽ മൂച്ചീർപ്പൻകുലയോടെ.

# ആരുടെ തേങ്ങൽ

നിവസിച്ചു ഞാൻ നെൽപാടങ്ങൾതൻ ഹൃദയത്തിൽ
നിലകൊൾവൊരു കുന്നിൻ പള്ളയിൽ സുനിർബ്ബാധം.

സ്വച്ഛന്ദപ്രകൃതിതൻ കുളിരിൽ മുഴുകി ഞാ–
നച്ഛമാം ശ്രുതിസ്നേഹമഭ്യസിച്ചാലാപിച്ചൂ.

പക്ഷികൾ പറന്നുവന്നിരുന്നാഗ്ഗീതം കേട്ടി–
ട്ടക്ഷയകൈവല്യത്തിൽ   ചേക്കേറീ സായാഹ്നങ്ങൾ.

നെറ്റിയിൽ നമസ്കാരമുഴ പൊന്തവേ കണ്ടൂ
തറ്റുടുത്തിരിക്കുന്നൂ സഹസ്രാകവണീ ഞാൻ!

ഇതു നേരാണെങ്കിലും   നിങ്ങളെന്നരക്കെട്ടി–
ലിറുകും സ്ലാക്കും കീഴെക്കാലുറകളും കാൺകെ,

മീശതൻ താഴത്തുനിന്നുതിരും വൈദേശിക–
ഭാഷതൻ മണമേറ്റു നാസിക ചുളിച്ചുവോ?

അറിഞ്ഞീല ഞാൻ: ഭൂതകാലത്തിൻ ശ്രീകോവിലി–
ലൊരുമാത്ര ഞാൻ പക്ഷേ, കേട്ടതാരുടെ തേങ്ങൽ?

# ജീവോ ബ്രഹ്മൈവ

അറിയാമച്ഛനാ ബ്രഹ്മ–

സൂത്രം മുഴുവനെങ്കിലും
കൈയിലെട്ടോർച്ചു കത്താഞ്ഞാൽ
പരുങ്ങിക്കൊണ്ടു നിൽക്കയായ്.

മകനാട്ടോർച്ചെടുക്കുന്നൂ;
സ്വിച്ചിൽ, ബ്ബൾബ്ബിന്റെ വക്കിലും
കുഞ്ഞിക്കൈവിരലോടുന്നൂ;
കത്തുന്നൂ ടോർച്ചു പിന്നെയും.

അവൻ തൊട്ടാൽ പാടിടുന്നൂ
കേടുപറ്റിയ റേഡിയോ,
നിന്ന ടൈംപീസിലെസ്സൂചി
തുടങ്ങുന്നൂ പ്രദക്ഷിണം.

ചുണ്ടിൽച്ചിരിചുരന്നച്ഛൻ
നനയും കണ്ണടയ്ക്കവേ
ഉള്ളിൽച്ചമ്രം പടിഞ്ഞുംകൊ–
ണ്ടിരിപ്പുണ്ടാദിശങ്കരൻ.

മകനെപ്പുല്കുമച്ഛന്റെ
കാതിൽ മന്ത്രിപ്പു ശങ്കരൻ:
''ബ്രഹ്മ സത്യം ജഗന്മിഥ്യാ
ജീവോ ബ്രഹ്മൈവ നാപരഃ''

## കുമരനല്ലൂരെത്തുമോ?

മാരിയും മഞ്ഞും കടന്നു മീന–

സൂര്യനിൽ ഭൂമിയുരുകിനിൽക്കെ,

അന്ധകാരത്തിൻ പെരുംചിറകി–
ലന്തിനക്ഷത്രം തളർന്നുവീഴ്കെ,

കോഴിക്കോട്ടുള്ള കടൽക്കരയിൽ
കേഴും   കരളുമായ് ഞാനിരിയ്ക്കെ,

ഓരോ പിടിയായ് മണലരിച്ചി–
ട്ടോരോപിടിയരി സംഭരിക്കെ,

എത്ര നൂറ്റാണ്ടായ് തുടങ്ങിയിട്ടീ–
യധ്വരമെന്നു ഞാൻ വിസ്മയിക്കെ,

ചുടുവേർപ്പുതുള്ളി തുടയ്ക്കുവാനെൻ
നിടിലത്തിൽ നിദ്ര പുരട്ടുവാനും

കുതികാലിലെത്തും കുളിർത്ത കാറ്റേ,
കുമരനല്ലൂരിൽ ചെന്നെത്തുമോ നീ?

അവിടുത്തെ കൂരിരുൾത്താഴ്വരയി–
ലലിവുറ്റ ദൈവത്തിന്നിച്ഛപോലെ

അൽപ്പാപ്പമായിട്ടുയർന്നുവന്നോ–
രന്തിപ്പൊറുതിതൻ മൂകതയിൽ

'അച്ഛനിപ്പോളെന്തു ചെയ്കയാണെ'–
ന്നമ്മയോടാരായുമെൻ കിടാങ്ങൾ

വേർപ്പിൽ തളർന്നു മയങ്ങിടുന്ന–
തോർപ്പേൻ വിദൂരസ്ഥമെന്റെ ചിത്തം.

കുതികാലിലെത്തും കുളിർത്ത കാറ്റേ,
കുമരനല്ലൂരും ചെന്നെത്തുമോ നീ?

## ദിഗ്വിജയം

വണ്ടുപണ്ടാരോ തീർത്തവീട്ടിലെ പ്രജയാം ഞാൻ;

ഉണ്ടൊരു നിലവറക്കുണ്ടെന്റെ മച്ചിന്നുള്ളിൽ.

അതിലുണ്ടൊരാൾക്കുരങ്ങാ, വിദ്വാനൊരു കുതി
കുതിച്ചാലെത്തും ചന്ദ്രഗോളത്തെക്കാളും ദൂരെ.

എങ്കിലും, 'അവനൊരാൾക്കുരങ്ങാ,ണില്ലാ നൂലു–
ബന്ധവും കൂടിദ്ദേഹ, ത്തെന്നോർത്തു നേർത്തെത്തന്നെ

ഇരുത്തീ കവാടത്തിൽ ബുദ്ധഭിക്ഷുവിനെ ഞാൻ,
'പുറത്തുവിടൊല്ലെ'ന്നു നിർദ്ദേശിക്കയും ചെയ്തു.

വായുവേഗത്തിൽപ്പായും കുതിരപ്പുറത്തേറി–
പ്പോയി ഞാൻ പിന്നീടെന്റെ ധർമ്മയുദ്ധത്തിന്നായി.

അഷ്ടദിക്പാലന്മാരുമെഴുന്നേ,റ്റവരുടെ

വിഷ്ടരങ്ങളിലെന്നെയിരുത്തിപ്പൂജിച്ചാറേ

തിരികെ ചെല്ലുന്നൂ ഞാനൊരുനൂറുവർഷത്തെ
മരവിപ്പിരുൾകെട്ടും മാറാലവീട്ടിന്നുള്ളിൽ.

എന്താവും നിലവറക്കുണ്ടിലെക്കഥയിപ്പോ–
ളെന്ന കൗതുകക്കുളമ്പടിക്കും കരളോടെ

തപ്പിയും തടഞ്ഞും ഞാനിറങ്ങിച്ചെന്നീടവേ
മുൽപ്പെട്ട നാസാമൃത്യുക്കുണ്ടിലുണ്ടിരിക്കുന്നു

എതിരാളിതൻ കണ്ണിൽ നട്ട കണ്ണെടുക്കാതെ
സ്ഥിതിചെയ്തുകൊണ്ടാൾക്കുരങ്ങനും ശ്രീബുദ്ധനും.

ഒരു മാറ്റമേയുള്ളൂ; വാതിൽക്കലിരിപ്പതാൾ–
ക്കുരങ്ങാ,ണുള്ളിൽച്ചൂളിയിരിപ്പാണിപ്പോൾ ബുദ്ധൻ.

# വിസ്മയം

വിശപ്പാൽ കണ്ണുനീർ വന്നു

ചെത്തിലൂടെ നടന്നു നീ;
കാണാതായുടനെസ്സർവ്വ–
ജംഗമാജംഗമങ്ങളും.

രണ്ടുകണ്ണുമിറുക്കിക്കൊ–
ണ്ടിരുന്നേപോയ് നിലത്തു നീ;
ഒഴുകുന്നുണ്ടു കണ്ണീർ നിൻ
കവിളിൽക്കൂടിയിപ്പൊഴും.

യുഗങ്ങൾ നിന്നെഗ്ഗൗനിക്കാ–
തോടിപ്പോയവിരാമമായ്;
വറ്റീ കവിളിലശ്രുക്കൾ;
വീണ്ടും മിഴി തുറന്നു നീ.

മിന്നും സ്ഫടികപാത്രത്തിൽ–
നിന്നശ്രുകണമൊക്കെയും
പകർന്നുവെച്ചിരിക്കുന്നൂ
മുന്നിലജ്ഞാതപൂരുഷൻ.

''വറ്റാത്തതെന്തീയശ്രുക്കൾ?''
നിന്റെ കൺകൾ തുറക്കവേ
അരുളിച്ചെയ്തു സുസ്മേര–
വദനൻ മുന്നിൽ നിൽപ്പവൻ:

''ഉറച്ചു മുത്തായ്ത്തീർന്നൂ നി–
ന്നശ്രു കാറ്റേറ്റ മാത്രയിൽ.
''കാരണം?'' ''ഞാനുമാ വിസ്മ–
യത്താൽ സ്തബ്ധൻ യുഗങ്ങളായ്.''

# ഗുമസ്തൻ ഹോട്ടലിൽ

‘‘തയിർവേണ്ടയോ?’’ ഹോട്ടൽക്കാരന്റെ ചോദ്യം; വേണ്ടെ–

ന്നുരിയാടുവാൻ വെള്ളമിറക്കീ ഗുമസ്തൻ നീ.

സ്ഫടികചഷകത്തിലപ്പൊഴേയ്ക്കെത്തിച്ചേർന്നി–
തുടയാസ്സൗരഭ്യം നിൻ ബുഭുക്ഷാസവിധത്തിൽ.

സഹഭോജികളെ നീ നിമിഷം നിരീക്ഷിക്കെ–
സ്സർവ്വരും തലപൊക്കാതടിപ്പൂ തയിർശാതം.

ഗമയിൽ ട്രോളിക്കാരും ഗസറ്റഡ്ഡോഫീസറും
സമന്മാർ; നീയോ പക്ഷേ, കൈപൊള്ളി സ്ഥിതിചെയ്‌വൂ

വാരിയ തീക്കട്ടകളുണ്ണുവാനാവാതെ നിൻ
ഫോസിലിൽ, സ്വന്തം വിധി തീർത്ത ഫർനസ്സിന്നുള്ളിൽ.

അരനാഴികയുച്ചത്തീവെയിൽ ചവുട്ടിയ–
തൊരു ബക്കറ്റിൽപ്പുറം വേർപ്പൊഴുക്കിയതും നീ

എൺപതു പൈസയ്ക്കൂണു കിട്ടുമിങ്ങെന്നോർത്തല്ലീ
ശുംഭ, നിൻ വിരലതാ, കീശയിൽ കാശെണ്ണുന്നു!

ലജ്ജയുണ്ടല്ലീ ‘‘കൊണ്ടുപോവുകിത്തയി’’രെന്നു
ഗർജ്ജിപ്പാൻ? പക്ഷേ, നിനക്കാവില്ലാ തയിർശാതം

വിഴുങ്ങാൻ, നിന്നുള്ളിൽത്താനിരിക്കും മനസ്സാക്ഷി
വിടർത്തിക്കാണിക്കുന്നൂ നിന്റെ വീട്ടിലെച്ചിത്രം

ചുട്ട പപ്പടത്തിന്നായ് കൈപ്പുണ്യച്ചമ്മന്തിക്കായ്
കുട്ടികൾ കരയുമ്പോൾ ചുളിയും വരൾച്ചുണ്ടിൽ

അമ്മതൻ പഞ്ചാരവാക്കലിഞ്ഞുചേരാക്കഞ്ഞി–
വെള്ളവുമായിപ്പുലാവില ചുംബിക്കും ചിത്രം:

ഞെട്ടിയോ പെട്ടെന്നു നീ? നിന്റെ കൈ തയിർഗ്ലാസിൽ–
ത്തട്ടിയിട്ടതു വീണുടഞ്ഞതു ഭാഗ്യംതന്നെ!

# യുഗവൈരൂപ്യം

രണ്ടു മൈലാഞ്ചിക്കൈയും നീണ്ട ദാരികനെയോ

കണ്ടുമുട്ടുന്നൂ കാലം വീഥിയിൽ? വലംകൈയിൽ

കൊടുവാ,ളിടം കൈയിൽ സ്വശിര,സ്സിരുമ്പിന്റെ
തുടരാൽ ബന്ധിക്കപ്പെട്ടിഴയും പാദങ്ങളും

കൂർത്ത യാഥാർത്ഥ്യത്തെപ്പിൻതുടരുമിരുട്ടിന്റെ
വേർത്ത കുപ്പായച്ചിത മണക്കും പാർശ്വങ്ങളിൽ

വെളുത്ത കടലാസ്സു വദനങ്ങളിൽ നാസ
ചുളിച്ചേ നിൽപ്പൂ ഭയ ദാരുണദുഃഖത്തിന്റെ

പല സാഗരം: അവയ്ക്കടിയിൽ ധർമ്മത്തിന്റെ
തലയ്ക്കലുറക്കൊഴിച്ചിരുന്നു തേങ്ങീടുന്നൂ

നൂലു പൊട്ടിയ നക്ഷത്രാവലി കണ്ഠത്തിൽനി–
ന്നൂർന്നതോരാതേ കാളി, ‘‘എന്റെ വാളെവിടെപ്പോയ്?’’

അവൾതൻ പുറവടിത്തെളിവിൽ തലചാരി–
യമരും കുഞ്ഞിച്ചോണനുറുമ്പിൻ ഹൃദയത്തിൽ

മാനവാത്മാവേ, നിന്റെ മിഥ്യയെക്കണ്ടെത്തുന്ന
ഞാനാട്ടേ, കഴുത്തോളം വേർപ്പിൽ നീന്തുകയല്ലോ!

നാവിലെ നാമങ്ങൾ വീണുയരും തുരുത്തിന്മേൽ
ജീവവാസനപ്പുലിനഖത്താൽ പ്പൊത്തിപ്പിടി–

ച്ചൊടുവിൽ കരേറുമെന്നന്ധവിശ്വാസത്തിന്റെ
പിടലിക്കിരുന്നുറങ്ങും പ്രിയബ്രഹ്മാണ്ഡമേ,

നിന്റെ നീയറിയാത്ത നിഷ്കളത്യാഗത്തിങ്കൽ–
നിന്നുദിക്കാവൂ സ്വർഗ്ഗം അതൊന്നേ മമ മോക്ഷം!

# ലയം

ഒരാഴ്ചയായിട്ടാഹാരം
കഴിച്ചിട്ടില്ല ഗായകൻ,
ക്ഷണിച്ചിട്ടില്ലാരുമാരു–
മവനെപ്പാട്ടു പാടുവാൻ

പാടുമാറുണ്ടവൻ പക്ഷേ,
തന്റെ മൺകുടിലിന്നകം
ഒറ്റയ്ക്കിരിക്കെ, പ്രപഞ്ച–
മുറങ്ങും പാതിരാത്രിയിൽ.

പാടിപ്പറന്നെത്തി ജീവ–
ന്മുക്തിതൻ ശിഖരങ്ങളിൽ,
അവിടെസ്സസുഖം വീണു–
റങ്ങീ സൂര്യോദയം വരെ.

എട്ടാമത്തെ പ്രഭാതത്തിൽ–
പ്പടിവാതിൽ തുറക്കവേ
ആരാധകനൊരാൾ നിൽപ്പൂ
മുന്നിൽ മന്ദസ്മിതത്തൊടെ.

''പാടണം താങ്കളിന്നന്തി–
യ്ക്കെന്റെ നാട്ടിലെ വേദിയിൽ,
വഴിച്ചെലവിനാവട്ടെ,''–
യെന്നാക്കൈമൊട്ടു നീളവേ

പറഞ്ഞു ഗായകൻ, ''സൂര്യാ–
സ്തമനത്തോടുകൂടി ഞാൻ
വരും, പണം കൈയിൽ വെയ്ക്കൂ
കച്ചേരി കഴിയും വരെ.''

''ഇതു മേടിക്കണം താങ്ക,''–
ളെന്നവൻ കേണുരയ്ക്കിലും
അടഞ്ഞു വാതി,ലാശ്ശബ്ദം
കേട്ട കാതുമടഞ്ഞുപോയ്.

കൃതാർത്ഥതയൊടെ, പ്പക്ഷേ
ഭഗ്നാശയൊടുകൂടിയും

വിടർന്നപാടേ കൊഴിഞ്ഞ
കടിഞ്ഞൂൽപ്പൂവുമാതിരി

മടങ്ങിത്തന്റെ നാടെത്തി–
ച്ചേർന്നാസ്സന്ദേശവാഹകൻ
ചോദിക്കുന്നവരോടെല്ലാം
മനമല്ലാമനസ്സോടെ

''വരുമദ്ദേഹ,''മെന്നോതീ
കൃത്രിമോത്സാഹവായ്പൊടെ!
വന്നുചേരുകയും ചെയ്തു
സന്ധ്യയ്ക്കാഗ്ഗായകോത്തമൻ!

പരസ്സഹസ്രം ഗ്രാമീണ–
രിമവെട്ടാത്ത കൺകളാൽ
കൊളുത്തിയ വെളിച്ചങ്ങ–
ളുജ്ജ്വലിപ്പിച്ച വേദിയിൽ

പറഞ്ഞസമയത്തെത്തി–
ച്ചേർന്ന ഗന്ധർവ്വഗായകൻ
പക്കമേളക്കാർക്കു മുന്നി–
ലിരുന്നൂ വിനയത്തൊടെ.

വടിച്ചിട്ടില്ലവൻ താടി,
കുളിച്ചിട്ടില്ലൊരാഴ്ചയായ്,
ധരിച്ചിട്ടുള്ളതോ കീറി–
നാറുന്ന വസനങ്ങളും.

എല്ലിൽപ്പൊതിഞ്ഞ തോലിന്മേ–
ലെഴുന്നേൽക്കും ഞരമ്പുകൾ
വലിഞ്ഞുനിൽക്കവേ കണ്ഠം
തുറന്നദ്ദിവ്യഗായകൻ

പാടിത്തുടങ്ങിയപ്പോളോ,
ജംഗമാജംഗമാവലി
അനക്കമില്ലാതെ നിന്നൂ,
സദാഗതിയുമിത്തിരി.

അഭ്രനീലിമയും കൂടി
ലക്ഷം കൺകൾ മിഴിക്കയായ്,
അവനിൽത്തന്നെ മുങ്ങിക്കൊ–
ണ്ടാനന്ദാശ്രു പൊഴിക്കയായ്.

പെട്ടെന്നവൻ ചോരതുപ്പി
വീണൂ പരവതാനിയിൽ:
തുറിച്ചു നിശ്ചലം ദൃഷ്ടി,
വായ കോടിപ്പിളർന്നുപോയ്!

അറിഞ്ഞില്ലാ, കണ്ടുമില്ലീ–
യത്യാഹിതമൊരുത്തരും:
ചെവിയുള്ളവരെപ്പേരു–
മാദ്യമേ മൃതരല്ലയോ?

''ഒടുക്കത്തെപ്പല്ലവിയും–
കൂടിപ്പാടിയശേഷമേ
അടച്ചുള്ളൂ കണ്ഠ,''മെന്നു

വിശ്വസിക്കും മഹാജനം

അമ്പരക്കുകയാണിപ്പോൾ:
''മണക്കുന്നില്ലയോ ശവം?
മരിച്ചിട്ടും ഗായക, നീ
പാടുന്നുണ്ടായിരുന്നുവോ?''

# കുടുംബത്തിനുള്ളിൽ

''വിട്ടയയ്ക്കുക കൂട്ടിൽനിന്നെന്നെ, ഞാ–
നൊട്ടു വാനിൽ പറന്നു നടക്കട്ടെ.''

പാഠപുസ്തകം നോക്കിപ്പഠിച്ചതു
പാടുകയോ സഗൽഗദമെൻ മകൾ?

ആ മധുരിച്ച പുണ്യക്ഷണങ്ങളെ–
ന്നാത്മകേന്ദ്രത്തിൽപ്പറ്റിപ്പിടിക്കുമ്പോൾ

ഉൽഭവിക്കുന്ന വിദ്യുൽപ്രവാഹത്താ–
ലുജ്ജ്വലിപ്പൂ പ്രപഞ്ചം മുഴുവനും

അശ്രുവിന്റെ സരസ്സിൽ കിളരുന്നൊ–
രഗ്നിതൻ കൊച്ചുകൂപ്പുകൈമൊട്ടിന്മേൽ

കാലഘട്ടത്തിൻ ക്ഷീരപഥത്തിലെ–
ക്കാന്തശക്തികൾ കാരുണിവർഷിക്കെ

ഉൽപ്പതിക്കും സുഗന്ധത്തിൽ മൂർച്ഛിപ്പൂ
കൽപനതന്നനന്തതാശാഖികൾ.

ഞാനറിയാതെഴുന്നേറ്റുനിൽക്കുന്നു,
ഞാനറിയാതടിവെച്ചു നീങ്ങുന്നു.

ചെന്നു ഞാനെൻ മകൾതൻ കസേലയ്ക്കു
പിന്നിൽ നിശ്ചലച്ഛായപോൽ നിൽക്കുന്നു

പാവനസ്നിഗ്ദ്ധശോകരസത്തൊടെ
പാടുകയാണു പിന്നെയുമെൻ മകൾ,

''വിട്ടയയ്ക്കുക കൂട്ടിൽനിന്നെന്നെ, ഞാ–
നൊട്ടു വാനിൽ പറന്നൂ നടക്കട്ടെ.''

ഒന്നു തേങ്ങിക്കരഞ്ഞുവോ ഞാൻ? ചുടു–
കണ്ണുനീരല്ലി പെട്ടെന്നുതിരുന്നു?

വീണതെന്റെ മകൾതൻ നിറുകയി–
ലാണു തപ്തമാം സ്നേഹം! ആക്കുട്ടിയോ

ഒന്നു ഞെട്ടിത്തിരിഞ്ഞു നോക്കീ; ക്ഷണാൽ
കണ്ണുരണ്ടും തുടയ്ക്കാൻ ശ്രമിച്ചു ഞാൻ.

നിഷ്കളങ്കമനോഹരമാമൊരു
നിർഭരാത്ഭുതസ്മേരവദനത്താൽ

ഉറ്റുനോക്കുന്നതാരിപ്പൊളെന്നെ? എ–
ന്നുറ്റ പുത്രിയോ? തത്തച്ചിറകിന്മേൽ

വിശ്വദുഃഖം കുറിച്ച ചരാചര–
വശ്യശക്തിതന്നുൽകൃഷ്ടസിദ്ധിയോ?

മാറി മാറിത്തെളിയും വദനങ്ങൾ
വേറെ വേറെയില്ലെന്നു ഞാൻ ശങ്കിക്കെ

നിഷ്ക്കളങ്കമാ സ്വാതന്ത്ര്യദാഹത്താൽ
നിത്യതയുടെ കാതും വഴിയുന്നു:

*''വിട്ടയയ്ക്കുക കൂട്ടിൽ നിന്നെന്നെ, ഞാ–
നൊട്ടു വാനിൽ പറന്നു നടക്കട്ടെ.''

# യുദ്ധം

ഇത്ര വേഗത്തിൽ പടകഴിഞ്ഞമ്മയെക്കാണാ–
നെത്തിയോ കാറ്റേ, പോക്കുവെയ്‌ലുടുപ്പണിഞ്ഞോനേ?

വന്നിരിക്കും നീ: നീയെന്നസ്ഥിവേണുവിൽ നിത്യ–
ധന്യമാം ശ്രുതിയല്ലോ ധീര, ഹേ, ചിരഞ്ജീവിൻ!

ധന്യയെൻ കരളിൻ പൊന്നുറിയിൽ പിരിയാതെ–
ത്തന്നെയുണ്ടിരിക്കുന്നു മധുരനിലാവുണ്ണീ!

ഒരു പന്തീരാണ്ടിന്റെ ശോണാശ്രുകണികയാ–
യെരിവൂ തൃത്താവിന്റെ കാൽക്കലെന്നാശാനാളം.

ആടിയോ നിൻ മോഹനച്ഛായ മന്ദാരംപൂത്ത
വാടിയിൽ, പനീർപ്പുവിൻ ചുണ്ടിൽ നിൻകളനാദം?

തിമിരം കീറിക്കണ്ടേനെന്തിപ്പോൾ ഉദയോദ്യൽ–
സുമസൗരഭവർണ്ണമൂർച്ഛയിൽ? ചെവിതേറീ

കിളിവാതിലിൽ നിന്റെ വിളിയോ? നിദ്രാസൂത്ര–
ത്തുളയിൽക്കൂടെക്കൃതയുഗശുക്രനക്ഷത്ര–

കിരണം വഴി കിതച്ചെത്തിയിട്ടെന്നെപ്പുൽകി–
ത്തരളസ്വർഗ്ഗത്തിന്റെ താരാട്ടിലൂഞ്ഞാലാടി

ശീതളമധുരമാം രോമഹർഷത്തിൻ ചുണ്ടെ–
ന്നാധിയിൽ പതിപ്പിച്ചതാരാണു നീയല്ലാതെ?